# പന്ത്രണ്ടാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:121** — **08.03.2010 - ൽ മറുപടിയ്ക്ക്**

## "സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് കുറയ്ക്കുവാൻ നടപടി"

**ചോദ്യം**

**ശ്രീ.കെ.കെ.ഷാജു**
**ശ്രീ.കെ.ബി.ഗണേഷ്കുമാർ**
**ശ്രീ.തോമസ് ചാണ്ടി**

(എ) സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന കോളേജുകളിൽ ഫീസ് ഗണ്യമായി കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(സഹകരണവും കയറും വകുപ്പു മന്ത്രി)**

(എ) സഹകരണരംഗത്ത് പ്രവർത്തിക്കുന്ന കോളേജുകളിൽ പ്രൊഫഷണൽ വിഭാഗത്തിലുള്ളവ പ്രധാനമായും കോ- ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻെറ (CAPE) കീഴിലാണുള്ളത്. കേപ്പിൻെറ കീഴിലുള്ള കോളേജുകളിലെ ധനാഗമ മാർഗ്ഗങ്ങളും ചെലവുകളും പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണസംഘം രജിസ്ട്രാർ ചെയർപേഴ്സൺ ആയി ഒരു ഉന്നതതല കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്. കേപ്പിന് അധിക ബാദ്ധ്യത ഉണ്ടാകാതെ വിദ്യാർത്ഥികൾക്ക് സ്വകാര്യമേഖലയേക്കാൾ ഫീസ് **കുറച്ച് പഠന** സൗകര്യങ്ങൾ മെച്ചമാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് വിദ്യാഭ്യാസ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോൾ തന്നെ സ്വകാര്യ സ്ഥാപനങ്ങളിൽ ഈടാക്കുന്നതിനെക്കാൾ കുറഞ്ഞ നിരക്കിലുള്ള ഫീസാണ് ഈടാക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | ഫീസ് കുറച്ച്, മികവ് പുലർത്തുന്ന പ്രൊഫഷണൽ കോളേജുകൾ സഹകരണ രംഗത്ത് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) | ' സഹകരണ നവരത്നം കേരളീയം ' എന്ന ഒൻപതിന കർമ്മപരിപാടിയിലെ ' സഹകരണം വിദ്യാഭ്യാസം കേരളീയം' പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ അസംബ്ളി നിയോജക മണ്ഡലങ്ങളിലും നൂതന കോഴ്സുകൾ അടങ്ങിയ ഓരോ പ്രൊഫഷണൽ കോളേജുകൾ തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ചില നിയോജക മണ്ഡലങ്ങളിൽ ഇതിനകം തന്നെ ഏതാനും പ്രൊഫഷണൽ കോളേജുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരം- നെയ്യാറ്റിൻകരയിൽ സംസ്ഥാന സഹകരണ യൂണിയൻെറ ആഭിമുഖ്യത്തിൽ എം.ബി.എ, എം.സി.എ കോഴ്സുകൾ ഉള്ള കോളേജ്, കേപ്പിൻെറ ആഭിമുഖ്യത്തിൽ പുന്നപ്രയിൽ എൻജിനീയറിംഗ് കോളേജ്, എം.ബി.എ കോളേജ് ,ഫിനിഷിംഗ് സ്കൂൾ, കൊച്ചിയിൽ കേപ്പിൻെറ കീഴിൽ നേഴ്സിംഗ് കോളേജ്,പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രിയിൽ നേഴ്സിംഗ് കോളേജ്, തലശ്ശേരി സഹകരണ ആശുപത്രി ഫെഡറേഷൻെറ ആഭിമുഖ്യത്തിൽ എം.എസ്.സി നേഴ്സിംഗ് കോഴ്സ്, സംസ്ഥാന ബാങ്കിന്റെ ആഭിമുഖ്യത്തിൽ മൺവിളയിൽ എം.ബി.എ കോളേജ് എന്നിവ ഇതിൽ ചിലതാണ്. 2010-11 വിദ്യാഭ്യാസ വർഷത്തിൽ കേപ്പിൻെറ കീഴിൽ വടക്കൻ പറവൂരിൽ ഒരു മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ടും, ആറൻമുളയിലും, പത്തനാപുരത്തും ഓരോ എൻജിനീയറിംഗ് കോളേജും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കൺസ്യൂമർ ഫെഡിൻെറ ആഭിമുഖ്യത്തിൽ ' ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് ' എന്ന പേരിൽ റീട്ടെയിൽ മാനേജ്മെൻറ് കോഴ്സുകൾ |

പഠിപ്പിക്കുന്ന സ്ഥാപനം എറണാകുള ത്തും ഫാർമസി സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്ന ഫാർമസി സ്കൂൾ കണ്ണൂർ ജില്ലയിലെ മാത്തിലിലും ആരംഭിക്കാൻ ആലോചിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:122 08-3-2010 ൽ മറുപടിയ്ക്ക്

## വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അജിത്<br>,, എൻ. രാജൻ<br>,, മാങ്കോട് രാധാകൃഷ്ണൻ<br>,, വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഈ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) പ്രധാനപ്പെട്ട മാറ്റങ്ങൾ താഴെ ചേർത്തിരിക്കുന്നു.<br>1. സർവ്വീസ് കണക്ഷൻ നടപടികൾ ലഘൂകരിച്ചു. 56 പേജുണ്ടായിരുന്ന സർവ്വീസ് കണക്ഷൻ അപേക്ഷാഫാറം ചുരുക്കി 2 പേജ് മാത്രമാക്കി.<br>2. പുതിയ സർവ്വീസ് കണക്ഷൻ അപേക്ഷയോടൊപ്പം ഒടുക്കേണ്ട കരുതൽ തുക സംസ്ഥാന വ്യാപകമായി ഏകീകരിച്ചു. എൽ.റ്റി സർവീസ് കണക്ഷൻ അപേക്ഷകർ മുദ്രപത്രത്തിൽ ഉടമ്പടി വയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി.<br>3. പ്രത്യേക മുൻഗണന ലഭിക്കാൻ അർഹത ഉള്ളവർക്ക് (ഓവർഹെഡ് ലൈൻ വലിക്കേണ്ടത് ഉൾപ്പെടെ) കണക്ഷൻ അപേക്ഷയോടൊപ്പം തന്നെ പ്രത്യേക മുൻഗണനക്കുള്ള അപേക്ഷയും നൽകാവുന്നതാണെന്ന് തീരുമാനിച്ചു.<br>4. ഒരു കെട്ടിടത്തിൽ പ്രത്യേക കെട്ടിട നമ്പർ ഇല്ലാതെ തന്നെ വിഭിന്നമായ ആവശ്യങ്ങൾക്കായി HT / LT ഉൾപ്പെടെ പ്രത്യേകം പ്രത്യേകം കണക്ഷനുകൾ നിബന്ധനകളോടെ അനുവദിക്കാൻ തീരുമാനിച്ചു.<br>5. പുതിയ കണക്ഷനുകൾ എടുക്കുമ്പോഴും അധിക ലോഡ് ആവശ്യമുള്ളപ്പോഴും പവ്വർ അലോക്കേഷൻ ആവശ്യമെന്ന നിബന്ധന പിൻവലിച്ചു. പവർ അലോക്കേഷൻ പ്രോസസ്സിംഗ് ഫീ ഒഴിവാക്കി. |

6. HT Workകൾ ആവശ്യമുള്ള സർവീസ് കണക്ഷനുകൾ നൽകുന്നതിന് വലിയ കാലതാമസം വരുന്നത് സാധാരണമായിരുന്നു, ഇത് ഒഴിവാക്കാനും കണക്ഷനുകൾ 60 ദിവസത്തിനുള്ളിൽ നൽകണമെന്നും തീരുമാനിച്ചു.
7. വൈദ്യുതി കണക്ഷൻ ലഭിക്കാനാവശ്യമായ വൈദ്യുത ലൈനുകളും പ്ലാന്റുകളും നിർമ്മിച്ച് നൽകാൻ താല്പര്യപ്പെടുന്ന ഉപഭോക്താക്കൾക്ക് അതിന് അനുവാദം നൽകി. ഉപഭോക്താവിന് പണികൾ മാത്രം ചെയ്യുവാനും അനുമതി നൽകി.
8. സമ്പൂർണ്ണ വൈദ്യുതീകരണം നടക്കുന്ന പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റെസലൂഷന്റെ അടിസ്ഥാനത്തിലും സമ്പൂർണ്ണ വൈദ്യുതീകരണം നടക്കുന്ന തീരപ്രദേശങ്ങളിൽ റേഷൻ കാർഡിന്റെയും തിരിച്ചറിയൽ കാർഡിന്റെയും അടിസ്ഥാനത്തിലും ഗാർഹിക വൈദ്യുത കണക്ഷൻ നൽകാൻ തീരുമാനിച്ചു.

| | |
|---|---|
| സി) വൈദ്യുതി കണക്ഷനുള്ള സാധനസാമഗ്രികൾ ഉപഭോക്താവിന് വാങ്ങി നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സാധനങ്ങളാണ് വാങ്ങി നൽകാവുന്നതെന്ന് വെളിപ്പെടുത്തുമോ; | സി) ഉണ്ട്. ബോർഡിന്റെ പൊതുവായ നിബന്ധനകൾക്ക് അനുസൃതമായി, അപേക്ഷകന് ട്രാൻസ്ഫോർമർ പോസ്റ്റുകൾ ലൈൻ നിർമ്മാണ വസ്തുക്കൾ എന്നിവ ഉൾപ്പെടെ വൈദ്യുതി കണക്ഷൻ നൽകാനാവശ്യമായ എല്ലാ ഉപകരണങ്ങളും എത്തിച്ച് ബോർഡിന്റെ മേൽ നോട്ടത്തിൽ പണി പൂർത്തീകരിക്കുകയോ അല്ലെങ്കിൽ പണി പൂർത്തിയാക്കാൻ ആവശ്യമായ സാധനങ്ങൾ മാത്രം എത്തിച്ചു തരികയോ അതും അല്ലെങ്കിൽ പണി മാത്രമായി ഏറ്റെടുത്ത് പൂർത്തീകരിയ്ക്കുവാനോ ഉള്ള അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം ബോർഡ് ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ അപേക്ഷകൻ ലൈനുകളും പോസ്റ്റുകളും നിർമ്മിച്ച് നൽകുമ്പോൾ നിയമം നിഷ്കർഷിക്കുന്ന 10% നിരക്കിൽ സൂപ്പർ വിഷൻ ചാർജ്ജ് അടക്കേണ്ടതുണ്ട്. |
| ഡി) സംസ്ഥാനത്ത് കോൺക്രീറ്റ് പോസ്റ്റുകൾക്ക് ക്ഷാമം നേരിടുന്നുണ്ടോ? | ഡി) ഉണ്ട്. കാസറഗോഡ്, ശ്രീകണ്ഠപുരം, കല്പറ്റ കോഴിക്കോട്, തിരൂർ, മഞ്ചേരി, ആലപ്പുഴ, തൊടുപുഴ, തൃശൂർ, എറണാകുളം എന്നീ സർക്കിളുകളിലാണ് കോൺക്രീറ്റ് പോസ്റ്റുകളുടെ ക്ഷാമം പ്രധാനമായും അനുഭവപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ. * 123 — 08.3.2010-ൽ മറുപടിയ്ക്ക്

## അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സഹായം എത്തിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ജെ.തങ്കപ്പൻ :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ.കെ.സി.രാജഗോപാലൻ : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എത്ര തേയില തോട്ടങ്ങൾ അടഞ്ഞുകിടന്നിരുന്നു ; അതിൽ ഇനിയും എത്രയെണ്ണം തുറക്കുവാനുണ്ട് ; | (എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 22 തേയിലത്തോട്ടങ്ങൾ അടഞ്ഞുകിടന്നിരുന്നു. അതിൽ 5 എണ്ണം ഇനിയും തുറക്കുവാനുണ്ട്. |
| (ബി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ; | (ബി) 19/6/2007-ലെ **G.O.(MS)No.79/2007/LBR** ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ കുടിവെള്ളവും വൈദ്യുതിയും വിതരണ പദ്ധതി പുനഃസ്ഥാപിക്കുന്നതിനായി 286 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ നിന്നും 224 ലക്ഷം രൂപ ചെലവഴിച്ച് 31 ചെറുകിട ജലസേചന പദ്ധതികളിലൂടെ കേരള |

വാട്ടർ അതോറിറ്റിയും 74 ലക്ഷം രൂപ ചെലവഴിച്ച് വൈദ്യുതി ബോർഡും പദ്ധതി നടപ്പാക്കി വരുന്നു. ലേബർ കമ്മീഷണറുടെ മേൽ നോട്ടത്തിൽ ഇടുക്കി ജില്ലാ കളക്ടർ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(സി) അവർക്ക് സൗജന്യറേഷൻ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളി കുടുംബങ്ങൾക്ക് ആഴ്ചയിൽ 5 കി.ഗ്രാം അരി വീതം സൗജന്യറേഷൻ നൽകിവരുന്ന പദ്ധതി 31/3/2010 വരെ ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് മുമ്പ് ഇതിനുള്ള തുക കണ്ടെത്തിയിരുന്നത്. ഇപ്പോൾ ഈ പദ്ധതി തൊഴിൽ വകുപ്പു മുഖേനയാണ് നടപ്പിലാക്കുന്നത്. തൊഴിൽ വകുപ്പു മുഖേന മേൽ പദ്ധതിയ്ക്കായി 27/3/09-ലെ ജി.ഒ.(ആർ.റ്റി) 460/09/തൊഴിൽ ഉത്തരവു പ്രകാരം ഒരു കോടി രൂപയും 23/10/2009-ലെ ജി.ഒ.(ആർ.റ്റി) 1632/09/തൊഴിൽ പ്രകാരം 22,65,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;<br>(ഇ) ഇല്ലെങ്കിൽ ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകുമോ എന്ന് അറിയിക്കുമോ ? | (ഡി) & (ഇ) ഉണ്ട്. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിനകത്തും പുറത്തും മെറിറ്റിൽ അഡ്മിഷൻ ലഭിക്കാതെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന തോട്ടം തൊഴിലാളികളുടെ മക്കൾക്ക് 8/1/2010-ലെ<br>**G.O.(MS)No.4/2010/LBR**<br>പ്രകാരം താഴെപ്പറയുന്ന നിരക്കിൽ അനുവദിച്ചിട്ടുണ്ട്.<br>എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് -60,000/-രൂപ<br>ബി.എസ്.സി (നഴ്സിംഗ്) -40,000/-രൂപ<br>ജനറൽ നഴ്സിംഗ് -25,000/-രൂപ<br>പാരാമെഡിക്കൽ കോഴ്സുകൾ -15,000/-രൂപ<br>ബി.എഡ്/പി.ജി/എൽ.എൽ.ബി -10,000/-രൂപ<br>റ്റി.റ്റി.സി - 5,000/-രൂപ<br><br>പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ മുഖേന ലേബർ കമ്മീഷണറാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

(signature)
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 124 08/03/2010-ൽ മറുപടിക്ക്

## പട്ടികവിഭാഗക്കാരുടെയും പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളുടെയും വായ്പകൾ എഴുതി തള്ളുന്നതിന് നടപടി

**ചോദ്യം**

ശ്രീമതി. ജെ. അരുന്ധതി:
ശ്രീ. പി. ജയരാജൻ:
ശ്രീ. ടി.പി. കുഞ്ഞുണ്ണി:
ശ്രീ. സി.കെ.പി. പത്മനാഭൻ:
ശ്രീ. എം.കെ. പുരുഷോത്തമൻ:

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായക്ഷേമവും
ഊർജ്ജവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പട്ടിക വിഭാഗക്കാരുടെയും പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളുടെയും വായ്പകൾ എഴുതിത്തള്ളുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) 12/11/009-ലെ ജി.ഒ.(പി) 100/2009/ പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടിക വിഭാഗക്കാരുടെയും പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളുടെയും വായ്പകൾ എഴുതിത്തള്ളുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മേൽപറഞ്ഞ ജനവിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും, 31/03/2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും, കുടിശ്ശികയായതുമായ വായ്പകളിൽ 25,000/- രൂപ വരെയുള്ളത് പലിശയും പിഴപ്പലിശയുമുൾപ്പെടെ എഴുതിത്തള്ളുന്നതിനും, 25,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| | |
| (ബി) വായ്പയുടെ ഏത് തീയതി വരെയുള്ള പലിശ സർക്കാരിൽ നിന്നുള്ള നഷ്ടപരിഹാരത്തിന് പരിഗണിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) 31/03/2009 വരെയുള്ള പലിശ സർക്കാരിൽ നിന്നുള്ള നഷ്ടപരിഹാരത്തിന് പരിഗണിക്കുന്നതാണ്. |

| | |
|---|---|
| (സി) പദ്ധതിയുടെ ആനുകൂല്യം എത്ര പേർക്ക് ലഭിക്കുമെന്ന് അറിയിക്കുമോ; | (സി) അർഹരായ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കുന്ന നടപടി പൂർത്തിയായിട്ടില്ല. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഗുണഭോക്തൃലിസ്റ്റ് സമർപ്പിക്കുന്നതിനുള്ള സമയപരിധി 31/03/2010 ആയി ദീർഘിപ്പിച്ചിട്ടുണ്ട്. ആയതിനാൽ അതിന് ശേഷമേ എത്ര പേർക്ക് ആനുകൂല്യം ലഭിക്കൂ എന്ന് കണക്കാക്കുവാൻ സാധിക്കൂ. ഇതുവരെ ലഭിച്ച അപേക്ഷകർ 2.11 ലക്ഷമാണ്. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് എത്ര ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) അർഹരായ ഗുണഭോക്താക്കൾ വിവിധ ഏജൻസികളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകളിൽ തിരിച്ചടവ് കഴിഞ്ഞ് കുടിശ്ശികയായ തുക എത്രയെന്ന് കണക്കാക്കി വരുന്നു. അതിനു ശേഷമേ ഇതിലേയ്ക്കായുള്ള സാമ്പത്തിക ബാദ്ധ്യത കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിക്കുക യുള്ളൂ. ഇതുവരെ ലഭിച്ച കണക്കനുസരിച്ച് 138 കോടി രൂപയുടെ ബാദ്ധ്യത സർക്കാരിനുണ്ട്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 125

8.3.2010-ൽ മറുപടിക്ക്

നാറ്റ്പാക് റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എ.കെ. ചന്ദ്രൻ | | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പു മന്ത്രി | |
| എ) | ബസ്സ് യാത്രാ നിരക്ക് പരിഷ്കരണം സംബന്ധിച്ച നാറ്റ്പാക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ വ്യക്തമാക്കുമോ; | എ) | ഉണ്ട്. ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>1. പിസ്കോ പ്രകാരമുള്ള സൂചിക 2009 ഫെബ്രുവരിയിൽ 202.14 ആയിരുന്നത് 2010 ഫെബ്രുവരിയി-ൽ 216.67 ആയി ഉയർന്നിട്ടുണ്ട് അതായത് പ്രവർത്തന ചെലവിൽ 8.7% വർദ്ധനവുണ്ട്.<br>2. യാത്രാ നിരക്കിൽ 7 മുതൽ 8 ശതമാനം വരെ വർദ്ധനവ് ആകാം<br>3. കിലോമീറ്റർ ചാർജ്ജ് 52 പൈസയിൽ നിന്ന് 55.7 പൈസയായി വർദ്ധിപ്പിക്കാം<br>4. മിനിമം ചാർജ്ജ് 4 രൂപയാക്കാം |
| ബി) | പ്രസ്തുത ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്ന് മുതൽ നടപ്പാക്കി തുടങ്ങുമെന്ന് വ്യക്തമാക്കുമോ; | ബി) | പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ ബസ് ചാർജ്ജ് വർദ്ധന 8.3.2010 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

— — — — — — — —

| | | | |
|---|---|---|---|
| സി) | പ്രസ്തുത റിപ്പോർട്ടിലെ ബസ്സ് ചാർജ്ജ് വർദ്ധനവ് സംബന്ധിച്ചുള്ള ശുപാർശകൾ എന്തെല്ലാം; നിലവിലുള്ള നിരക്കുകളും ശുപാർശ ചെയ്ത നിരക്കുകളും എത്രയാണെന്ന് വെളിപ്പെടുത്തുമോ; | സി) | പിസ്കോ പ്രകാരമുള്ള സൂചിക 2009 ഫെബ്രുവരിയിൽ 202.14 ആയിരുന്നത് 2010 ഫെബ്രുവരി 27-ൽ 216.67 ആയി ഉയർന്നിട്ടുണ്ടെന്നും, അതായത് പ്രവർത്തന ചെലവിൽ 8.7% വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ നിരക്കിൽ 7 മുതൽ 8 ശതമാനം വരെ വർദ്ധനവ് ആകാമെന്നും കിലോമീറ്റർ ചാർജ് 52 പൈസയിൽ നിന്ന് 55.7 പൈസയായി വർദ്ധിപ്പിക്കാമെന്നും നാറ്റ്പാക് ശുപാർശ ചെയ്തിട്ടുണ്ട്.<br>നിലവിലുള്ള മിനിമം ചാർജ്ജ് 3.50-ൽ നിന്ന് 4.00-ആയും നിലവിലുള്ള കിലോമീറ്റർ ചാർജ് 52 പൈസയിൽ നിന്ന് 55.7 പൈസയായും വർദ്ധിപ്പിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. |
| ഡി) | വിദ്യാർത്ഥികളുടെ യാത്രാ സൗജന്യം നിലനിറുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി) | ഉണ്ട്. |
| ഇ) | ഫെയർ സ്റ്റേജ് പുനർ നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഇ) | ബസ് ചാർജ് വർദ്ധനവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത 23338/09 നമ്പർ കേസിലെ വിധി ന്യായത്തിൽ ഫെയർസ്റ്റേജ് നിർണ്ണയം സംബന്ധിച്ച് സമർപ്പിച്ച ഹർജികൾ പരിഗണിച്ച് ചട്ടപ്രകാരം തീരുമാനമെടുക്കാൻ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് കോടതി നിർദ്ദേശം നൽകിയിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 126 08.03.2010 ൽ മറുപടിയ്ക്ക്

## രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. എ.എ.ഷുക്കൂർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രവൃത്തികൾ ഇടുക്കി ജില്ലയിൽ നടന്നു വരികയാണ്. മാർച്ച് 2010 ഓടുകൂടി ഈ പ്രവൃത്തികൾ തീരുമെന്നു പ്രതീക്ഷിക്കുന്നു. ബാക്കി ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) സംസ്ഥാനത്ത് എവിടെയെല്ലാം ആർ.ജി.ജി.വി.വൈ. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്; | (ബി) ഇടുക്കി ജില്ലയിൽ ആർ.ജി.ജി.വി.വൈ പദ്ധതി പ്രവൃത്തികൾ നടന്നു വരികയാണ്. |
| (സി) മറ്റ് പ്രദേശങ്ങളിൽ ആർ.ജി.ജി.വി.വൈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ നിർദ്ദേശ പ്രകാരം കാസർഗോഡ്, വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി, 11-ാം പഞ്ചവൽസര പദ്ധതിയിൽ ആർ.ജി.ജി.വി.വൈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശമനുസരിച്ച്, പുതുക്കിയ പദ്ധതി റിപ്പോർട്ട് (DPR) സമർപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ വൈദ്യുതീകരണ |

നിരീക്ഷണ കമ്മിറ്റിയുടെ 23.02.2010 ൽ ചേർന്ന 34-ാമത്തെ അവലോകന യോഗത്തിൽ ഈ 6 പദ്ധതികൾ പരിഗണിക്കുകയുണ്ടായി. ഈ പദ്ധതികൾക്ക് അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇവയ്ക്കുള്ള അനുമതി ലഭിച്ചാൽ ഉടൻ നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 127 | 08-03-2010-ൽ മറുപടിക്ക്.

## അബ്കാരി കേസുകൾ

**ചോദ്യം:**
ശ്രീ. ജോർജ് എം. തോമസ്
" എ.സി. മൊയ്തീൻ
" മഞ്ഞളാംകുഴി അലി
" പി.ടി.എ. റഹീം
" ആർ. സെൽവരാജ്

**ഉത്തരം**
ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) അബ്കാരി കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) അബ്കാരി കുറ്റകൃത്യങ്ങൾ തടയുന്നതിനായി, നിലവിലുള്ള ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട്, താഴെ പറയുന്ന ശക്തമായ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.
(1) അബ്കാരി കുറ്റകൃത്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് മേൽ നടപടികൾക്കായി എക്സൈസിലെ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറാൻ പ്രത്യേകമായി ഒരു ഇൻറലിജൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. (2) എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും നടത്താനും ഐ.ജി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ അഡീഷണൽ എക്സൈസ് കമ്മീഷണറായി നിയമിച്ചിട്ടുണ്ട്. (3) ചെക്കുപോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. (4) നാഷണൽ ഹൈവേയിലും തീരദേശ റോഡുകളിലും വാഹന പരിശോധന നടത്തി വരുന്നു. (5) അബ്കാരി കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാന / ജില്ലാ / താലൂക്ക് / പഞ്ചായത്ത് തലങ്ങളിൽ ജനകീയ കമ്മിറ്റികൾ സംഘടിപ്പിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. (6) കുടുംബശ്രീ, മദ്യനിരോധന സമിതി, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെയും, പോലീസ്, ഫോറസ്റ്റ്, റവന്യൂ എന്നീ ഡിപ്പാർട്ടുമെൻറുകളുടെയും സഹകരണത്തോടെ സംയുക്ത റെയിഡുകൾ നടത്തി വരുന്നു. (7) മദ്യാസക്തിക്കെതിരെ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.

(മറുപുറം)

| | | | |
|---|---|---|---|
| | | | (8) ചില ജില്ലകളിൽ ബോർഡർ പട്രോളിംഗ്, രാത്രികാല ടാസ്ക് ഫോഴ്സുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. (9) കടൽ മാർഗമുള്ള സ്പിരിറ്റ് കടത്ത് തടയുന്നതിലേക്കായി കടൽത്തീരങ്ങളിൽ പട്രോളിംഗ് നടത്തുകയും തീരദേശത്തെ ജനങ്ങളുമായി സഹകരിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിനായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. (10) അബ്കാരി സ്ഥിരം കുറ്റവാളികൾക്കെതിരെ Crpc.-110 പ്രകാരം നടപടി എടുത്തു വരുന്നു. |
| (ബി) | അബ്കാരി കേസുകളിൽ അന്വേഷണം നടത്താനും പ്രതികളെ അറസ്റ്റു ചെയ്യാനും എക്സൈസ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. അബ്കാരി ആക്ട് സെക്ഷൻ 40 മുതൽ 50 വരെ വകുപ്പുകൾ പ്രകാരം എക്സൈസ് ഉദ്യോഗസ്ഥർക്ക് അബ്കാരി കേസുകളിൽ അന്വേഷണം നടത്തുവാനും പ്രതികളെ അറസ്റ്റു ചെയ്യുവാനും അധികാരം നൽകിയിട്ടുണ്ട്. |
| (സി) | അബ്കാരി കേസുകളിൽ കേസ് നടത്തിപ്പിലെ അപാകതകൾ മൂലം കുറ്റവാളികൾ രക്ഷപ്പെടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | അബ്കാരി കേസുകളുടെ നടത്തിപ്പിൽ അപാകതകൾ ഉണ്ടാകുന്നില്ല എന്നുറപ്പുവരുത്തണമെന്ന് ഉദ്യോഗസ്ഥർക്ക് പ്രത്യേകം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |
| (ഡി) | അബ്കാരി ആക്ടിലും ബന്ധപ്പെട്ട നിയമങ്ങളിലും കാലാനുസൃതമായ പരിഷ്കരണം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അബ്കാരി ആക്ടിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചുകഴിഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ, ബന്ധപ്പെട്ട ചട്ടങ്ങളിൽ മാറ്റങ്ങൾ ആവശ്യമുണ്ടോ എന്നു പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുതാണ്. |

(signature)

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:128 08-3-2010 ൽ മറുപടിയ്ക്ക്

### കമ്മീഷൻ ചെയ്തിട്ടുള്ള വൈദ്യുത പദ്ധതികൾ

ചോദ്യം
ശ്രീ. എം. ഉമ്മർ

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വൈദ്യുത പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്; അവയുടെ ഉത്പാദനശേഷി വ്യക്തമാക്കുമോ;

മറുപടി
ശ്രീ. എ.കെ. ബാലൻ
(ബഹു: പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

| I)കെ.എസ്.ഇ.ബി യുടെ പദ്ധതികൾ | |
|---|---|
| 1. നേര്യമംഗലം എക്സ്റ്റൻഷൻ | 25 മെഗാവാട്ട് |
| 2. കുറ്റ്യാടി ടെയിൽറേസ് | 3.75 മെഗാവാട്ട് |
| 3.നേര്യമംഗലം നവീകരണ പദ്ധതി മൂലം ഉണ്ടായ ഉല്പാദനശേഷി വർദ്ധനവ് | 2.55 മെഗാവാട്ട് |
| 4.ശബരിഗിരി നവീകരണ പദ്ധതി മൂലം ഉണ്ടായ ഉല്പാദനശേഷി വർദ്ധനവ് | 20 മെഗാവാട്ട് |
| ആകെ | 51.3 മെഗാവാട്ട് |
| II)സ്വകാര്യ മേഖല | |
| 1. അള്ളുങ്കൽ | 7 മെഗാവാട്ട് |
| 2. എം.പി. സ്റ്റീൽ | 10 മെഗാവാട്ട് |
| 3. അഗളി വിൻഡ് ഫാം | 13.8 മെഗാവാട്ട് |
| 4. രാമക്കൽമേട് വിൻഡ് ഫാം | 14.25മെഗാവാട്ട് |
| ആകെ | 45.05മെഗാവാട്ട് |
| ആകെ സ്ഥാപിത ശേഷി വർദ്ധനവ് | 96.35മെഗാവാട്ട് |

കൂടാതെ 100 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി ഇക്കൊല്ലം മാർച്ച് / ഏപ്രിൽ മാസത്തിൽ കമ്മിഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

- - -

| | | | |
|---|---|---|---|
| ബി) | ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിക്കുന്നതിന് പകരം പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ വികസിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | പാരമ്പര്യേതര ഊർജ്ജസ്രോതസുകളിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 73.8 മെഗാവാട്ടിന്റെ സ്ഥാപിതശേഷി കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റ്, സൗരോർജ്ജം ജൈവദ്രവ്യം എന്നീ സ്രോതസ്സുകളിൽ നിന്നും സ്വകാര്യ പങ്കാളിത്തം കൂടി ഉപയോഗപ്പെടുത്തി വൈദ്യുതി പദ്ധതികൾ നടപ്പിൽ വരുത്താനും അനർട്ട് മുഖേന ഊർജ്ജ സംരക്ഷണ പരിപാടികൾ നടപ്പാക്കാനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗം കണക്കിലെടുത്ത് സൗരോർജ്ജ പദ്ധതി വികസിപ്പിച്ച് പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | സി) | സൗരോർജ്ജം അടക്കമുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ സ്വകാര്യ സംരംഭകരിൽ നിന്നും Expression of Interest ക്ഷണിച്ചതനുസരിച്ച് ഉള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അനർട്ട് മുഖേന സൗര വൈദ്യുതി നൽകാനും, സൗരതാപം ഉപയോഗിച്ച് വെള്ളം ചൂടാക്കാനുമുള്ള ഉപകരണങ്ങൾ വിതരണം ചെയ്യാനും പ്രത്യേക പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 129 — 08.03.2010 ൽ മറുപടിക്ക്

**വനിതാ സഹകരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീമതി.കെ.എസ്. സലീഖ<br>ശ്രീ. വി. ശശികുമാർ<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) വനിതാ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്തുള്ള വനിതാ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംഘാംഗങ്ങൾക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധനമായി 1 ലക്ഷം രൂപയും (തിരിച്ചടയ്ക്കേണ്ടത്) പ്രവർത്തന മൂലധന ഗ്രാന്റായി 2 ലക്ഷം രൂപയും (തിരിച്ചടയ്ക്കേണ്ടാത്തത്) നൽകി വരുന്നു. |
| ബി) സംസ്ഥാനത്ത് എത്ര വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | ബി) സംസ്ഥാനത്ത് 945 വനിതാ സഹകരണ സംഘങ്ങൾ 14 ജില്ലകളിലായും, സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി ഒരു വനിതാ സഹകരണ ഫെഡറേഷനും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | സി) | 1969 ലെ സഹകരണ നിയമങ്ങൾക്കു വിധേയമായി ജില്ലകളിൽ അതാത് ജനറൽ/ആഡിറ്റ് ജോയിന്റ് രജിസ്ട്രാർമാരും, സഹകരണ സംഘം രജിസ്ട്രാറും വനിതാ സഹകരണ സംഘങ്ങളിലെ പ്രവർത്തനങ്ങൾ, കാലാ കാലങ്ങളിൽ വിലയിരുത്തി വരുന്നുണ്ട്. |
| ഡി) | ഈ മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്; | ഡി) | ശരിയായ മാനേജ്മെന്റിന്റെ അഭാവം, നേതൃത്വ അഭാവം, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നതു കൊണ്ട് വായ്പ തിരിച്ചടക്കുന്നതിന്, അംഗങ്ങളായ വനിതകളുടെ ക്രയശേഷിക്കുറവ്, സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ആവശ്യമായ വിപണനത്തിന്റെ അപര്യാപ്തത, സാമ്പത്തിക ഭദ്രതയില്ലായ്മ എന്നിവയാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. |
| ഇ) | വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; | ഇ) | പീഡിത സംഘങ്ങൾക്ക് ധന സഹായം അനുവദിക്കുന്ന പദ്ധതിയിൽപ്പെടുത്തി പീഡിത വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വിജയ സാദ്ധ്യതയുള്ള പദ്ധതികൾക്ക് കൂടുതൽ ധനസഹായം ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| എഫ്) | വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുമോയെന്ന് വെളിപ്പെടുത്താമോ? | എഫ്) | വനിതാ സഹകരണ സംഘങ്ങളാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കേണ്ടത്. |

Rajeswary

സെക്ഷൻ ഓഫീസർ

— —·— - — —·— - -

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 130 08.03.2010 ൽ മറുപടിയ്ക്ക്

## വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ബാബുപോൾ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനും സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനുമുള്ള പദ്ധതികൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മൊത്തം എത്ര കോടിയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനും സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനും പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ റീസ്ട്രക്ച്ചർഡ് ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് ആൻറ് റീഫോംസ് എന്ന പദ്ധതി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ അനുമതി ലഭിക്കുന്നതിനായി വിശദമായ കർമ്മ പദ്ധതികളുടെ ക്രോഡീകരണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) ഈ പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് എന്തെല്ലാം പ്രയോജനം ലഭിക്കുമെന്നും ഇത് സംസ്ഥാനത്ത് എത്ര കേന്ദ്രങ്ങളിൽ നടപ്പിലാക്കുമെന്നും വെളിപ്പെടുത്തുമോ; | (ബി) ഈ പദ്ധതി നടപ്പിലാക്കുന്നതു മൂലം ഉപഭോക്താക്കൾക്ക് മികച്ച വോൾട്ടേജിലുള്ള വൈദ്യുതി തടസ്സമില്ലാതെ ലഭിക്കും. ഈ പദ്ധതി സംസ്ഥാനത്തെ 43 പട്ടണങ്ങളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) ഈ പദ്ധതികൾ എത്ര കാലം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) ഈ പദ്ധതി മൂന്നു വർഷം കൊണ്ട് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

S. [signature]

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 131** | **08.03.2010 - ൽ മറുപടിയ്ക്ക്**

## വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്

**ചോദ്യം**

**ശ്രീ.പി.ജയരാജൻ**
**ശ്രീ.എം.ചന്ദ്രൻ**
**ശ്രീ.പി.ടി.എ.റഹീം**
**ശ്രീ.സാജു പോൾ**
**ശ്രീ.വി.ശശികുമാർ**

(എ) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരുമായി നടത്തിയ ചർച്ചയിൽ സംസ്ഥാനത്തിന് എന്തെങ്കിലും ഇളവുകൾ അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(സഹകരണവും കയറും വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തിന് യോജിച്ച തരത്തിലും, സംസ്ഥാന താൽപര്യം സംരക്ഷിച്ചുകൊണ്ടും വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന് അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ഇത് സംബന്ധിച്ച് സഹകരണ വകുപ്പ് മന്ത്രി കേന്ദ്ര ധനകാര്യവകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് 11.12.09 ന് ഡൽഹിയിൽ വച്ച് ഉദ്യോഗസ്ഥതല ചർച്ചയും നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. കേരളത്തിലെ സഹകരണ മേഖലയിലെ വർദ്ധിച്ച നിക്ഷേപ അടിത്തറ, മറ്റ് ബാങ്കിംഗ് ഇടപാടുകളിലെ സഹകരണ മേഖലയുടെ പങ്ക്, സർക്കാരിന്റെ വിവിധ പദ്ധതികൾ സാമൂഹ്യപ്രതിബദ്ധതയോടെ ഏറ്റെടുത്ത് നടപ്പാക്കുന്ന സാഹചര്യം ഇവ കണക്കിലെടുക്കുമ്പോൾ പാക്കേജ്

നടപ്പാക്കുന്നത് സംബന്ധിച്ചുള്ള കേരളത്തിൻെറ പ്രശ്നങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു എന്ന നിഗമനത്തിൽ കേന്ദ്ര സർക്കാർ എത്തിച്ചേരുകയും, പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ, നബാർഡും കേന്ദ്രസർക്കാരുമായി ധാരണാ പത്രം ഒപ്പിടുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന് നബാർഡിനെ യോഗം ചുമതലപ്പെടുത്തുകയുമുണ്ടായി. ഇക്കാര്യത്തിൽ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം വാങ്ങേണ്ടതുണ്ടെങ്കിൽ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് എത്രയും വേഗം സമർപ്പിക്കുന്നതിനും നബാർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിൻെറ വെളിച്ചത്തിൽ ധാരണാ പത്രം ഒപ്പിടുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെങ്കിൽ ഒരു പ്രത്യേക ' കേസ് ' എന്ന നിലയിൽ കേരളത്തിൽ പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം നേടാമെന്നും യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. യോഗതീരുമാനപ്രകാരം ഇത് സംബന്ധിച്ചുള്ള നടപടികൾ നബാർഡാണ് സ്വീകരിക്കേണ്ടത്. ആയതിനായി സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചു വരുന്നു.

(ബി) റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലുള്ള പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതിൻെറ ഫലമായി സഹകരണ മേഖലയിൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(ബി) ഹ്രസ്വകാല വായ്പാ മേഖലയുടെ പുനരുദ്ധാരണത്തിനായി വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ചുവടെ പറയുന്ന ആവശ്യങ്ങൾക്കാണ് ലഭ്യമാകുന്നത്.

1. സഞ്ചിത നഷ്ടം നിർമ്മാർജ്ജനം ചെയ്യുവാൻ
2. സംസ്ഥാന ഗവൺമെൻറ് ഗ്യാരൻ്റിയിൽ നൽകിയ വായ്പയിൽ കുടിശ്ശിക ആയവ ജാമ്യ വ്യവസ്ഥ പ്രകാരം അടയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടും

ലഭിക്കാതെ ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ അത് നികത്തുവാൻ

3. ചുരുങ്ങിയ നിശ്ചിത നിലവാരത്തിലേയ്ക്ക് മൂലധനം വർദ്ധിപ്പിക്കുന്നതിന്.
4. ഗവൺമെൻറിൻെറ ഓഹരി മൂലധനം തിരികെ നൽകുന്നതിന്
5. സാങ്കേതിക സൗകര്യങ്ങൾ മെച്ച പ്പെടുത്തുന്നതിന് ദീർഘകാലാ വായ്പ രംഗത്തുള്ള കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പുനരുദ്ധാരണത്തി നായി ശുപാർശ ചെയ്തിട്ടുള്ള പാക്കേജ് പ്രകാരം സഞ്ചിത നഷ്ടം നിർമ്മാർ ജ്ജനം ചെയ്യാനും, സാങ്കേതിക സഹായത്തിനും, കമ്പ്യൂട്ടർവത്ക്കൃത ഏകീകൃത അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കാനും, ഇന്റേണൽ കൺട്രോൾ, മോണിറ്ററിംഗ് ആന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാ ക്കാനും, ജീവനക്കാർക്കും, ഭരണ സമിതിയംഗങ്ങൾക്കും പരിശീലനം നൽകുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. 31.03.2004 ലെ സ്ഥിതി സംബന്ധിച്ച് സ്പെഷ്യൽ ആഡിറ്റ് ചെയ്ത ബാക്കി പത്രത്തിൻെറ അടിസ്ഥാനത്തിലാ യിരിക്കും സാമ്പത്തിക സഹായം നിർണ്ണയിക്കുക എന്നാണ് നിഷ്ക്കർഷി ച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ സഹകരണ മേഖല വിപുലപ്പെടുത്തുന്നതിനും ശക്തി പ്പെടുത്തുന്നതിനും സർക്കാർ സ്വീക രിച്ചിട്ടുള്ള നടപടികൾ വിശദമാ ക്കുമോ ? | (സി) | ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തിലെ സാമൂഹിക ജീവിതത്തിൽ സഹകരണ പ്രസ്ഥാനത്തിനുള്ള സ്വാധീനം കണക്കിലെടുത്ത് സഹകരണ മേഖല വിപുലപ്പെടുത്തുന്നതിനും ശക്തിപ്പെടു ത്തുന്നതിനും സഹകരണമേഖലയുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കു ന്നതിനും ജനോപകാരപ്രദമാക്കുന്ന തിനും സഹകരണ പ്രസ്ഥാനത്തിൻെറ സമൂല പരിവർത്തനവും പുനരുദ്ധാരണ വും എന്ന ലക്ഷ്യത്തോടെ ' സഹകരണ |

നവരത്നം കേരളീയം' എന്ന താഴെ പറയുന്ന ഒൻപതിന കർമ്മ പരിപാടി സംഘടിപ്പിച്ചു.

1.)സഹകരണ നിക്ഷേപം കേരളീയം
2) സഹകരണ കുടിശ്ശിക നിവാരണം ശത-ശതമാനം കേരളീയം-നഷ്ടനിവാരണം
3) സഹകരണ കാർഷികം കേരളീയം
4) സഹകരണ വിപണനം കേരളീയം
5) സഹകരണ വിദ്യാഭ്യാസം കേരളീയം
6) സഹകരണ ആരോഗ്യം കേരളീയം
7) സഹകരണ സാമൂഹ്യം കേരളീയം
8) സഹകരണ അഴിമതി നിർമ്മാർജ്ജനം കേരളീയം
9) സഹകരണ പ്രചാരണം കേരളീയം

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കണക്കിലെടുത്ത് സഹകരണ നിയമത്തിലും ചട്ടത്തിലും കാലോചിതമായ മാറ്റം വരുത്തുന്നതിന് സമഗ്രമായ നിയമഭേദഗതിയ്ക്ക് നടപടി സ്വീകരിച്ചു വരുന്നു. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനും ഒരു പ്രത്യേക ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുകയുണ്ടായി. ഒരു ഡി.ഐ.ജിയുടെ നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്..

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 132 08.03.2010 ൽ മറുപടിയ്ക്ക്

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ :<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് : | ശ്രീ. എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി |
| (എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ നേഴ്സറിതലം മുതൽ ഉന്നത വിദ്യാഭ്യാസതലം വരെ പഠനം നടത്തുന്ന അർഹരായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇപ്പോൾ **നൽകിവരുന്ന** ആനുകൂല്യങ്ങൾ എന്നു മുതലാണ് നിലവിൽ വന്നത്; ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ നിലവിലുണ്ടോ ; | (ബി) സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, പോക്കറ്റ്മണി എന്നിവ 50% വർദ്ധിപ്പിച്ച് 1.4.2008 മുതൽ നൽകി വരുന്നു. ഇപ്പോൾ ഇതു വർദ്ധിപ്പിക്കുന്ന നിർദ്ദേശം പരിഗണനയിലില്ല |
| (സി) പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുക ലഭ്യമാകുന്നുണ്ട്; | (സി) സംസ്ഥാനത്തെ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്. ഓരോ വർഷവും പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ **വിതരണ**ത്തിനായി ചെലവഴിക്കുന്ന **തുകയിൽ നിന്നും** Committed Liability **കുറവു** ചെയ്ത ശേഷമുളള തുകയാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നത്.<br>2009-10 **വർഷം കേന്ദ്രസർക്കാരിൽ നിന്നും ഈ** ഇനത്തിൽ പട്ടികവർഗ്ഗ **വികസന വകുപ്പിന്** ലഭിച്ചത് 284.42 ലക്ഷം **രൂപയാണ്** |

പട്ടികജാതി വികസന വകുപ്പിൽ കഴിഞ്ഞ 3 വർഷം അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

**<u>പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് (രൂപ ലക്ഷത്തിൽ)</u>**

| വർഷം | കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചധനസഹായം | യഥാർത്ഥ ചെലവ് |
|---|---|---|
| 2007-08 | 4072.44 | 7994.53 |
| 2008-09 | 8132.42 | 10502.46 |
| 2009-10 | 3200.00 | - |

(ഡി) പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിബന്ധനകൾ വെച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്കോളർഷിപ്പിന് അർഹനായ വ്യക്തി ഇന്ത്യൻ പൗരനായിരിക്കണം, പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധി 1,08,000/- രൂപ. അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിയ്ക്കുന്ന വിദ്യാർത്ഥികളായിരിക്കണം. എന്നാൽ എയർ ക്രാഫ്റ്റ് മെയിന്റനൻസ്, പ്രൈവറ്റ് പൈലറ്റ് ലൈസൻസ് കോഴ്സ്, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് എന്നിവയ്ക്ക് ആനുകൂല്യം അനുവദിക്കുന്നതല്ല. പോസ്റ്റ്മെട്രിക് കോഴ്സുകളെ 4 ഗ്രൂപ്പുകളായി തരംതിരിച്ച് ഓരോ ഗ്രൂപ്പിനും നിശ്ചയിച്ചിട്ടുള്ള വ്യത്യസ്ത നിരക്കിലുള്ള മെയിന്റനൻസ് അലവൻസ് ആയിരിക്കണം പ്രസ്തുത തുകയിൽ നിന്നും അനുവദിച്ചു നൽകേണ്ടതെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. രണ്ട് പ്രൊഫഷണൽ കോഴ്സുകൾക്ക് മാത്രമേ ആനുകൂല്യത്തിനർഹതയുള്ളൂ. മറ്റേതെങ്കിലും സ്കോളർഷിപ്പ് ലഭിയ്ക്കുകയാണെങ്കിൽ കേന്ദ്ര സർക്കാർ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഇ) സംസ്ഥാന സർക്കാർ എന്തെങ്കിലും നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ?

(ഇ) ഉണ്ട്.

1. സി.ബി.എസ്.ഇ. ഐ.സി.എസ്.ഇ., സ്റ്റേറ്റ് സിലബസുകളിൽ അൺ എയിഡഡ് സ്കൂളുകളിൽ +2 കോഴ്സിന് പഠിയ്ക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതല്ല.

2 സ്വകാര്യ ഡീംഡ് യൂണിവേഴ്സിറ്റികളിൽ പഠിയ്ക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതല്ല.

3. കേരളത്തിൽ നിലവിലുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് അന്യസംസ്ഥാനത്ത് പഠിയ്ക്കുന്ന കേരളത്തിൽ സ്ഥിരതാമസമുള്ളവർക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയില്ല.

4. ഒരു വർഷത്തിൽ/ഒരു സെമസ്റ്ററിൽ/ഒരു ടേമിൽ 75% ഹാജർ ഉറപ്പ് വരുത്തിയതിന്ശേഷം മാത്രമേ തുടർന്നുള്ള കാലയളവിലെ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കാൻ പാടുള്ളൂ.

5. പ്രൊഫഷണൽ കോഴ്സുകൾക്ക് 3 പ്രാവശ്യം വരെ തോറ്റുപഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നതാണ്. ജനറൽ കോഴ്സുകൾക്ക് മൂന്നുപ്രാവശ്യം പരീക്ഷാ ഫീസ് മാത്രം നൽകുന്നതാണ്. എം.ബി.ബി.എസ് കോഴ്സുകൾക്ക് 3 പ്രാവശ്യം തോറ്റു പഠിയ്ക്കുന്നതിന് 50% നിരക്കിൽ ഫീസാനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെയുള്ള മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 133 — 08.03.2010 - ൽ മറുപടിയ്ക്ക്

## കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.ടി ജലീൽ<br>ശ്രീ.സാജു പോൾ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) കേപ്പിൻെറ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം കൂടി 7500 വിദ്യാർത്ഥികൾ പഠിക്കുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളിൽ ഏറ്റവുമധികം വിദ്യാർത്ഥികൾക്ക് പഠനാവസരം ഒരുക്കുന്നത് കേപ്പാണ്. ഈ കോളേജുകളിലെല്ലാം ആധുനിക വിദ്യാഭ്യാസത്തിന് അനുയോജ്യമായ പഠന സൗകര്യങ്ങളും , മികച്ച ലൈബ്രറി, മികച്ച പഠന നിലവാരം എന്നിവ ഒരുക്കിയിട്ടുണ്ട്.തദ്വാരാ മികവുറ്റ റിസൽറ്റും ഉണ്ടാകുന്നുണ്ട്. കൂടുതൽ മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി കേപ്പിൻെറ എക്സിക്യൂട്ടീവ് കമ്മിറ്റി യഥാസമയം കൂടി തീരുമാനം കൈക്കൊള്ളുന്നുണ്ട്. കൂടാതെ 2010-11 വർഷത്തിൽ വടക്കൻ പറവൂരിൽ ഒരു മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ടും ആറൻമുളയിലും പത്തനാപുരത്തും ഓരോ എഞ്ചിനീയറിംഗ് കോളേജും ആരംഭിക്കുന്നതിനുള്ള അപേക്ഷ എ.ഐ.സി.ടി.ഇ. യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ പുതുതായി പ്രതിവർഷം 540 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനാകും. |

| | | | |
|---|---|---|---|
| (ബി) | കേപ്പിൻെറ കീഴിൽ ഇപ്പോൾ എത്ര പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിക്കുന്നു ; | (ബി) | കേപ്പിൻെറ കീഴിൽ ഇപ്പോൾ ആറ് എഞ്ചിനീയറിംഗ് കോളേജുകൾ, ഒരു മെഡിക്കൽ കോളേജ്, ഒരു നേഴ്സിംഗ് കോളേജ്, ഒരു നേഴ്സിംഗ് സ്കൂൾ, ഒരു മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് , ഒരു ഫിനിഷിംഗ് സ്കൂൾ എന്നിവ പ്രവർത്തിക്കുന്നു. |
| (സി) | കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (സി) | കേപ്പ് സ്ഥാപിതമായിട്ട് പത്തു വർഷം തികയുന്ന ഈ വേളയിൽ നിരവധി വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. പുന്നപ്രയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനും ഫിനിഷിംഗ് സ്ക്കൂളിനും വേണ്ടി 4.34 കോടി രൂപ മതിപ്പു ചെലവിൽ ഒരു കെട്ടിടം പൂർത്തിയായി വരുന്നു. പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിനാവശ്യമായ എല്ലാ കെട്ടിടങ്ങളും 4.85 കോടി രൂപ ചെലവിൽ പണി പൂർത്തിയായി. എഞ്ചിനീയറിംഗ് കോളേജ്, മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട്, ഫിനിഷിംഗ് സ്ക്കൂൾ എന്നിവയടങ്ങുന്ന ഒരു വിശാലമായ കാമ്പസ് പിന്നോക്ക പ്രദേശമായ പുന്നപ്രയിൽ സ്ഥാപിക്കുക എന്ന ലക്ഷ്യം ഈ വർഷാവസാനത്തോടെ ഫലപ്രാപ്തിയിലെത്തും. കൊച്ചിയിൽ നേഴ്സിംഗ് കോളേജ്, നേഴ്സിംഗ് സ്ക്കൂൾ, അവയുടെ ഹോസ്റ്റലുകൾ എന്നിവയ്ക്കായി 8.20 കോടി രൂപ അടങ്കലിൽ കെട്ടിടങ്ങൾ പണിയുന്നതിനായി കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ ഒരു വനിതാ ഹോസ്റ്റലും ഒരു അക്കാഡമിക്ക് ബ്ളോക്കും 3.58 കോടി രൂപ അടങ്കലിൽ പണി തുടങ്ങി. എല്ലാ കോളേജ് ലൈബ്രറികളുടേയും നവീകരണത്തിനായി കൂടുതൽ പുസ്തകങ്ങളും ഫർണിച്ചറും വാങ്ങുന്നതിനും, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലും |

| | | | |
|---|---|---|---|
| | | | ആവശ്യാനുസൃതം ലൈബ്രേറിയൻ മാരേയും നിയമിച്ചു കഴിഞ്ഞു. ഇതിനു പുറമേ, പുന്നപ്ര, കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജുകളിൽ യഥാക്രമം മെക്കാനിക്കൽ, സിവിൽ വിഭാഗങ്ങളിൽ ബി.ടെക്ക് കോഴ്സ് ആരംഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | സ്വാശ്രയ സഹകരണ കോളേജുകളിലെ ഫീസ് നിരക്ക് അടുത്ത അദ്ധ്യയന വർഷംമുതൽ കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | സ്വാശ്രയ പ്രൊഫഷണൽ സഹകരണ കോളേജുകൾ പ്രധാനമായും കേപ്പിനു കീഴിലാണുള്ളത്. കേപ്പിന്റെ കീഴിലുള്ള കോളേജുകളിലെ ധനാഗമ മാർഗ്ഗങ്ങളും ചെലവുകളും പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ചെയർ പേഴ്സൺ ആയി ഒരു ഉന്നതതല കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്. കേപ്പിന് അധിക ബാദ്ധ്യത ഉണ്ടാക്കാതെ വിദ്യാർത്ഥികളെ സ്വകാര്യ മേഖലയേക്കാൾ ഫീസ് കുറച്ച് പഠിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിക്കുവാൻ പ്രസ്തുത കമ്മീഷനോടാവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഉചിതമായി തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 134 08.03.2010-ലെ മറുപടിയ്ക്ക്

**ഇ.എസ്.ഐ.പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ചികിത്സാ സൗകര്യങ്ങൾ**

**ചോദ്യം**

ശ്രീ.സി.**എം.ദിനേശ് മണി**:
ശ്രീ. എ.പ്രദീപ് കുമാർ
ശ്രീ. കെ.സി.രാജഗോപാലൻ :
ശ്രീ. പി.വിശ്വൻ :
ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:

(എ)ഇ.എസ്.ഐ.പദ്ധതിയിൽപ്പെടുത്തി തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ;

**മറുപടി**

ശ്രീ.പി.കെ.ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) ഇ.എസ്.ഐ.പദ്ധതിയിൽപ്പെടുത്തി തൊഴിലാളികൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കിവരുന്നു.

1) ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്കും ആശ്രിതർക്കും സൗജന്യ വൈദ്യ സഹായം.

2) രോഗം കൊണ്ട് പണിയെടുക്കാൻ കഴിയാത്ത തൊഴിലാളികൾക്ക് സാമ്പത്തിക സഹായം

3) തൊഴിലപകടമോ തൊഴിൽജന്യരോഗമോ കൊണ്ടുള്ള താൽക്കാലികമോ സ്ഥിരമോ ആയ അവശതയ്ക്ക് പരിഹാരം കാണാനുള്ള സാമ്പത്തിക സഹായം

4)തൊഴിലപകടമോ തൊഴിൽജന്യരോഗമോ കൊണ്ട് മരണപ്പെടുന്ന തൊഴിലാളിയുടെ കുടുംബത്തിനുള്ള ആശ്രിത ആനുകൂല്യം

5) പ്രസവ കാലത്തേയ്ക്ക് നൽകുന്ന സാമ്പത്തിക സഹായം

6) കൃത്രിമ അവയവങ്ങൾ വച്ചു പിടിപ്പിക്കാനും ചികിത്സാ ഉപകരണങ്ങൾ വാങ്ങാനുമുള്ള സഹാ

യം, ഇൻഷ്വർ ചെയ്ത തൊഴിലാളിയുടെ ശവസംസ്കാരത്തിനുള്ള സഹായം

7) ഇൻഷ്വർ ചെയ്ത തൊഴിലാളി തൊഴിൽരഹിതനായാൽ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷം വരെ തൊഴിലില്ലായ്മ ബത്ത (ആനുകൂല്യങ്ങൾ സംബ സ്ഥമായ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്)

ബി) തൊഴിലാളികൾക്ക് സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ശദമാക്കുമോ ;

(ബി) സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, രോഗനിർണ്ണയം എന്നിവയ്ക്കായി സംസ്ഥാനത്തെ 56 സ്വകാര്യ, പൊതുസഹകരണമേഖലകളിലെ പ്രശസ്ത ആശുപത്രികളെ ഇ.എസ്.ഐ പദ്ധതിയുടെ കീഴിൽ എംപാനൽ ചെയ്തിട്ടുണ്ട്. ഇവയ്ക്കുപുറമേ തിരുവനന്തപുരത്തെ ശ്രീചിത്രാ മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ ക്യാൻസർ സെൻറർ, തലശ്ശേരിയിലെ മലബാർ ക്യാൻസർ സെൻറർ, വിവിധ സർക്കാർ മെഡിക്കൽ കോളേജുകൾ എന്നിവ വഴിയും അതിവിദഗ്ദ്ധ ചികിത്സ നല്കുന്നുണ്ട്. ഇനിയും കൂടുതൽ സ്ഥാപനങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ി) സംസ്ഥാനത്തെ എത്ര സ്വകാര്യ ശുപത്രികളെ ഇതിനകം സൂപ്പർ പ്പെഷ്യാലിറ്റി ചികിത്സയ്ക്കുവേണ്ടി ംപാനൽ ചെയ്തിട്ടുണ്ട് ;

(സി) സംസ്ഥാനത്ത് ഇതിനകം 56 സ്വകാര്യ -സഹകരണ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുവേണ്ടി എംപാനൽ ചെയ്തിട്ടുണ്ട്.

ി) സംസ്ഥാനത്ത് ഇ.എസ്.ഐ.സ്കീം ല്ലാത്ത ജില്ലകൾ ഏതെല്ലാമാണ് ;

(ഡി) സംസ്ഥാനത്ത് ESI സ്കീം നടപ്പാക്കാത്ത ഏക ജില്ല വയനാടാണ്.

| | |
|---|---|
| (ഇ) സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളും ഇ.എസ്.ഐ.പദ്ധതിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ; | (ഇ) സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളേയും ഇ.എസ്.ഐ.പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനായി ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കണമെന്ന് കേന്ദ്ര സർക്കാരിനോടും ES.I കോർപ്പറേഷനോടും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (എഫ്) കേരളത്തിലെ ഇ.എസ്.ഐ. ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (എഫ്) വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |

Sushama S

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 135 — 08-03-2010 ൽ മറുപടിക്ക്

## ബോട്ട് യാത്രക്കാരുടെ സുരക്ഷയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം:
ശ്രീ. എം.കെ. പുരുഷോത്തമൻ
ശ്രീ.കെ.കുഞ്ഞിരാമൻ:
ശ്രീ.എ.എം. ആരിഫ് :
ശ്രീ.വി.എൻ. വാസവൻ :
ശ്രീ.സി.കെ.സദാശിവൻ :

ഉത്തരം :
ശ്രീ. ജോസ് തെറ്റയിൽ
(ഗതാഗത വകുപ്പു മന്ത്രി)

(എ). ജലഗതാഗത വകുപ്പ് ബോട്ട് യാത്രക്കാരുടെ സുരക്ഷയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(എ). ബോട്ടുയാത്രക്കാരുടെ സുരക്ഷയ്ക്കായി വകുപ്പിന്റെ ബോട്ടുകളിൽ ലൈഫ്ബോയ്, ബോയന്റ് അപ്പാരറ്റസ് തുടങ്ങിയ ജീവൻ രക്ഷാ ഉപകരണങ്ങൾ നിയമാനുസരണം സൂക്ഷിക്കുകയും, കൂടാതെ ഈ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നല്കിയിട്ടുള്ളതുമാണ്. നിയമം അനുശാസിക്കുന്ന പ്രകാരം എല്ലാ ബോട്ടുകളിലും ആവശ്യമായ ജീവനക്കാരുണ്ടെന്ന് വകുപ്പ് ഉറപ്പു വരുത്താറുമുണ്ട്.

(ബി). ബോട്ടുകളിൽ ലൈഫ്ബോയ്യും ലൈഫ് ജാക്കറ്റുകളും അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി). രണ്ട് യാത്രക്കാർക്ക് ഒരു ലൈഫ് ബോയ് എന്ന രീതിയിലും ബോയന്റ് അപ്പാരറ്റസിന്റെ വലിപ്പം അനുസരിച്ച് 12 മുതൽ 20 വരെ യാത്രക്കാർക്ക് ഒരു ബോയന്റ് അപ്പാരറ്റസ് എന്ന രീതിയിലുമാണ് ബോട്ടുകളിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. യാത്രാ ബോട്ടുകളിൽ ലൈഫ് ജാക്കറ്റ് പ്രായോഗികമല്ലാ എന്നതിനാലും, നിലവിലുള്ള നിയമം അനുശാസിക്കുന്നില്ല എന്നതിനാലും, ഇവ ജല ഗതാഗത വകുപ്പു വക ബോട്ടുകളിൽ നിലവിൽ സൂക്ഷിക്കാറില്ല.

— — — — — — — —

(സി). തട്ടേക്കാട് ബോട്ട് ദുരന്തത്തെക്കുറിച്ചുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) തട്ടേക്കാട് ബോട്ട് ദുരന്തത്തെക്കുറിച്ചന്വേഷിച്ച ജസ്റ്റിസ് പരീത്പിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വകുപ്പിൽ സ്വീകരിച്ചിട്ടുള്ള നടപടികൾതാഴെ പറയുന്നു :

1)യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളായ ലൈഫ്ബോയ്, ബോയന്റ് അപ്പാരറ്റസ് തുടങ്ങിയവ നിയമാനുസരണം ബോട്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

2)യാത്രക്കാർക്ക് പ്രാഥമിക ശുശ്രൂഷ ലഭ്യമാക്കുന്നതിനായി എല്ലാ ബോട്ടുകളിലും ഫസ്റ്റ് എയ്ഡ് ബോക്സ് സൂക്ഷിച്ചിട്ടുണ്ട്.

3)ഓരോ ബോട്ടിന്റെയും നിർമ്മാണത്തീയ്യതി, ലൈസൻസ് നൽകിയ തീയ്യതി, ലൈസൻസ് കാലാവധി തീരുന്ന തീയ്യതി, യാത്രാ വാഹകശേഷി എന്നിവ അതാതു ബോട്ടുകളിൽ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്.

4) ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്റ്റേഷനാഫീസ്, മേഖലാ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുകയും ഈ കമ്മിറ്റികളോട് ബോട്ടുകളുടെ കാര്യശേഷി സംബന്ധിച്ച് റിപ്പോർട്ട് യഥാസമയം നല്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുമുണ്ട്.

5)ബോട്ടുകളിൽ യാത്രാ വാഹകശേഷിയിലും അധികമായി യാത്രക്കാർ കയറാതിരിക്കുവാൻ ആവശ്യമായ നിർദ്ദേശം ജീവനക്കാർക്ക് നല്കിയിട്ടുണ്ട്. യാത്രക്കാരുടെ അമിതമായ തിരക്ക് അനുഭവപ്പെടുന്ന മേഖലകളിൽ തിരക്ക് നിയന്ത്രിക്കുന്നതിനായി പോലീസ് സഹായവും ആവശ്യപ്പെടാറുണ്ട്.

6)ബോട്ടുകളിൽ ആശയവിനിമയം നടത്തുന്നതിനായി സി.യു.ജി. സംവിധാനം ഏർപ്പെടുത്തുന്നതിന് ..27..02..2010ലെ സർക്കാർ ഉത്തരവ് (സാധാ)77/2010/ഗതാ നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുണ്ട്.

| | |
|---|---|
| | 7)ജെട്ടികളിൽ താങ്ങുകുറ്റിയും ടയറും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>8) വകുപ്പ് പുതുതായി നിർമ്മിക്കുന്ന ബോട്ടുകൾ നേവൽ ആർക്കിടെക്ടിന്റെ ഡിസൈനിൽ പണിയുന്നതിനും നിർമ്മാണത്തിനുശേഷം അതിന്റെ സ്റ്റെബിലിറ്റി പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ബോട്ടുകളുടെ നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും മറൈൻ എഞ്ചിനിയറുടെ പരിശോധനയും ഉറപ്പുവരുത്തുന്നുണ്ട്.<br>9)ബോട്ടിലെ ജീവനക്കാർക്ക് ജീവൻ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിശീലനം ഘട്ടം ഘട്ടമായി നൽകി വരുന്നുണ്ട്.<br>10) ബോട്ടിനും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള ഉത്തരവു പുറപ്പെടുവിക്കുകയും, അതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുംവരുന്നു.<br>11)മതിയായ യോഗ്യതയുള്ള ജീവനക്കാരെ മാത്രം ബോട്ടുകളിൽ നിയോഗിക്കുന്നതിനും കനാൽ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ജീവനക്കാർ ഓരോ സർവ്വീസിലും ലഭ്യമാണ് എന്ന് ഉറപ്പു വരുത്തു ന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി). വകുപ്പിന്റെ ബോട്ടുകളിലെ എല്ലാ യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ഡി). വകുപ്പു വക ബോട്ടുകളിലെ എല്ലാ യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള ഉത്തരവു പുറപ്പെടുവിക്കുകയും, അതു സംബന്ധിച്ച നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. |
| (ഇ). കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ). കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 136
## 8.3.2010 - ൽ മറുപടിക്ക്
## സഹകരണ സ്ഥാപനങ്ങൾ മുഖേന കൊപ്ര, നെല്ല് സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വിശ്വൻ<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.സി.കെ. പി.പത്മനാഭൻ<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ വർഷം കൊപ്ര സംഭരണത്തിനായി സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ | (എ) | വിശദമാക്കാം.<br><br>മിനിമം സപ്പോർട്ട് പ്രൈസ് പ്രകാരം 2010 സീസണിൽ കേരളത്തിലെ സഹകരണ സംഘങ്ങൾ മുഖേന പച്ചത്തേങ്ങ/കൊപ്ര സംഭരണം നടത്തുന്നത് സംബന്ധിച്ച് 30.12.09 ലെ സ.ഉ(സാധാ) നമ്പർ : 713/2009/സഹ. പ്രകാരം നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4500 രൂപയും, ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 4700/- രൂപയും ആണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. കൊപ്ര സംഭരണത്തിനായി അറുനൂറോളം പ്രാഥമിക സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനതല നോഡൽ ഏജൻസികളായി കേരഫെഡ്, മാർക്കറ്റ് ഫെഡ്, കൺസ്യൂമർഫെഡ് എന്നീ സഹകരണ മാർക്കറ്റിംഗ് അപെക്സ് സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ജില്ലാതല നോഡൽ ഏജൻസികളായി 30 പ്രാഥമിക സഹകരണ സംഘങ്ങളെ 19.01.2010 ലെ ജി.ഒ(ആർ.റ്റി) 27/2010/സഹ. നമ്പർ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. 2010 വർഷത്തിൽ മേൽ നോഡൽ ഏജൻസികൾ മുഖേന ഏറ്റവും കുറഞ്ഞത് 53000 ടൺ കൊപ്രയെങ്കിലും സംഭരിച്ച് കേരളത്തിലെ കേരകർഷകർക്ക് അവരുടെ ഉല്പന്നത്തിന് ന്യായമായ വില ലഭ്യമാക്കുകയെന്നതാണ് മുഖ്യ ലക്ഷ്യം.<br><br>കൊപ്ര സംഭരണ നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനായി സഹകരണ വകുപ്പ് മന്ത്രി ചെയർമാനായും, വകുപ്പ് മേധാവികൾ അംഗങ്ങളായും, സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായുള്ള സംസ്ഥാനതല ഉന്നതതല കമ്മിറ്റിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരി, ജില്ലാ കളക്ടർ ചെയർമാൻ, ജില്ലാതല വകുപ്പ് മേധാവികൾ അംഗങ്ങൾ, ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) കൺവീനർ ആയിട്ടുള്ള ജില്ലാതല കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റികൾ യഥാസമയം യോഗംചേർന്ന് സംഭരണ പുരോഗതി വിലയിരുത്തി വരുന്നു. |

(ബി) ഏതെല്ലാം ഏജൻസികൾ മുഖേന യാണ് കൊപ്ര സംഭരി ക്കുന്നത് ;

(ബി) സംസ്ഥാനതല നോഡൽ ഏജൻസികളായി നിശ്ചയിച്ചിട്ടുള്ള കേരഫെഡ്, മാർക്കറ്റ്ഫെഡ്, കൺസ്യൂമർഫെഡ് ജില്ലാതല നോഡൽ ഏജൻസികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 30 പ്രാഥമിക സഹകരണ സംഘങ്ങൾ, സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലുമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അറുനൂറോളം പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ മുഖേനയാണ് കൊപ്ര സംഭരിക്കുന്നത്.

(സി) പച്ചത്തേങ്ങ സംഭരിക്കുന്ന തിനും ഈ ഏജൻസികളെ ചുമതലപ്പെടു ത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ചെറുകിട കേര കർഷകർ കൊപ്രയാക്കി വിൽക്കുന്നതിനേക്കാളുപരി പച്ച നാളികേരമായി വിൽക്കുന്നതിന് കൂടുതൽ താൽപര്യം പ്രകടിപ്പിക്കുന്ന സാഹചര്യത്തിൽ 2010 സീസണിൽ കേരളത്തിലെ സഹകരണ സംഘങ്ങൾ മുഖേനയുള്ള കൊപ്ര സംഭരണത്തിൽ, പച്ചത്തേങ്ങയുടെ സംഭരണം കൂടി സംഘങ്ങൾ മുഖേന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൊപ്രാ സംഭരണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രാഥമിക സംഘങ്ങളെയും ജില്ലാതല നോഡൽ ഏജൻസികളായി തെരഞ്ഞെടുത്തിട്ടുള്ള സംഘങ്ങളെയും പച്ചത്തേങ്ങ സംഭരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല നോഡൽ ഏജൻസികൾക്ക് പച്ചത്തേങ്ങ നേരിട്ട് സംഭരിക്കാവുന്നതാണ്.

പ്രാഥമിക സംഘങ്ങൾ/ജില്ലാതല നോഡൽ ഏജൻസികളായ സംഘങ്ങൾ തൊണ്ടോടുകൂടിയ നാളികേരം ശേഖരിക്കേണ്ടതാണ്. അപ്രകാരം ശേഖരിക്കുന്ന നാളികേരം സംഘം ചെലവിൽ തൊണ്ട് കളയേണ്ടതും, മകുടത്തോടു(Crown) കൂടി പൊട്ടിക്കാത്ത പച്ചത്തേങ്ങയ്ക്ക് കിലോയ്ക്ക് 12 രൂപ വരെയും പൊട്ടിച്ച് വെള്ളം കളഞ്ഞ തേങ്ങയ്ക്ക് കിലോയ്ക്ക് 14 രൂപ വരെയും നൽകാവുന്നതാണെന്ന് ഗവൺമെന്റ് പ്രത്യേക ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സ്വന്തമായി ഡ്രായർ സംവിധാനമില്ലാത്ത സംഘങ്ങൾ പൊട്ടിച്ച നാളികേരം സംഭരിക്കേണ്ടതില്ല. കൊപ്ര സംഭരിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ കർഷകർക്ക് പച്ചത്തേങ്ങ /കൊപ്രയുടെ വില സംഭരണവേളയിൽ നൽകേണ്ടതാണ്. കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾ സംഭരിക്കുന്ന പച്ചത്തേങ്ങ ജില്ലാതല നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ സംഘത്തിന് കൈമാറേണ്ടതാണ്. ജില്ലാതല നോഡൽ ഏജൻസിയായ സഹകരണ സംഘം തങ്ങൾ സംഭരിക്കുന്ന പച്ചത്തേങ്ങ നിലവിലുള്ള ഡ്രയർ സംവിധാനം ഉപയോഗിച്ചോ അല്ലാത്തപക്ഷം ഡ്രയർ വാടകയ്ക്ക് എടുത്തോ കൊപ്രയാക്കി നാഫെഡിന്റെ സംഭരണ ശാലകളിൽ എത്തിച്ചുകൊടുക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (ഡി) | സഹകരണ സ്ഥാപനങ്ങൾ മുഖേന നെല്ല് സംഭരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട് ; | (ഡി) | സഹകരണ സ്ഥാപനങ്ങൾ മുഖേന 2010 വിളവെടുപ്പ് കാലത്ത് നെല്ല് സംഭരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് സംഭരിക്കുന്നതിന് അലോട്ട് ചെയ്തിട്ടുള്ള പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ അവർ സംഭരണം ഏർപ്പെടുത്താത്ത പ്രദേശങ്ങൾ ഉൾപ്പെടെ 14 ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഇ) | ഇതിനകം എത്ര ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | 2010 വിളവെടുപ്പ് കാലത്ത് സഹകരണ സംഘങ്ങൾ മുഖേന എല്ലാ ജില്ലകളിലുമായി 15484.14 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. |

Rajendran

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 137 — 08.03.2010 -ൽ മറുപടിക്ക്

## മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. എം.എം. മോനായി | ശ്രീ.ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പുമന്ത്രി) |
| (എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും അഴിമതി വിമുക്തവുമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) വകുപ്പിന്റെ പ്രവർത്തനങ്ങൾ അഴിമതി രഹിതവും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുമായി എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള പൗരാവകാശരേഖയുടെ കരട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ ഭേദഗതികളോടെ പൂർണ്ണരൂപം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓഫീസുകളിൽ അഴിമതി തടയുന്നതിന് വേണ്ടി കാലാകാലങ്ങളിൽ ഓഫീസ് മേലധികാരികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നുമുണ്ട്. അഴിമതി നിയന്ത്രിക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ പ്രയോജനവും സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിവിധ പരാതികൾ എസ്.എം.എസ് വഴി നേരിട്ട് ഗതാഗത കമ്മീഷണർക്ക് അയയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ വകുപ്പിന്റെ വെബ് സൈറ്റ് വഴി 'ഓൺ ലൈൻ' ആയി പരാതികൾ സമർപ്പിക്കാനുള്ള സൗകര്യവും നൽകി വരുന്നുണ്ട്. ഓഫീസ് പ്രവർത്തനം സുതാര്യവും വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിന്റെയും ഭാഗമായി |

ജനങ്ങൾക്ക് സ്പീഡ് പോസ്റ്റ് വഴി രേഖകൾ അയച്ചുകൊടുക്കുന്നുണ്ട്. വെബ് സൈറ്റ് വഴി പെർമിറ്റ്, ലൈസൻസ്, രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള അപേക്ഷകളുടെ നിലവിലുള്ള അവസ്ഥ അറിയാനുള്ള സൗകര്യം നൽകി വരുന്നു. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുഗമവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി e-payment സംവിധാനവും 'ഓൺ ലൈൻ' വഴി പൊതുജനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. സർവ്വീസ് സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന്റെ ഭാഗമായി IDEAS എന്ന File Tracking സംവിധാനവും ഗതാഗത കമ്മീഷണറുടെ ഓഫീസിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സംവിധാനം ആർ.ടി.ഒ. / സബ്ബ് ആർ.ടി. ഓഫീസുകളിൽ നടപ്പിലാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഈ വകുപ്പിലെ എല്ലാ ജീവനക്കാർക്കും യഥാസമയം കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ഐ.എം.ജി. സെന്ററുകളിൽ പരിശീലനം നൽകി വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | മോട്ടോർ വാഹന വകുപ്പ് പുതുതായി ആരംഭിച്ച വെബ് സൈറ്റിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭി ക്കുന്നത്; | (ബി) | മോട്ടോർ വാഹന വകുപ്പിൽ പുതിയതായി ആരംഭിച്ച വെബ് സൈറ്റിലൂടെ ചുവടെ പറയുന്ന സേവനങ്ങൾ നൽകിവരുന്നു: |

**ജി2സി (ഗവൺമെന്റ് ടു സിറ്റിസൺ സേവനങ്ങൾ**

1. വാഹന രജിസ്ട്രേഷനുള്ള ഓൺലൈൻ അപേക്ഷ.
2. ലേണേർസ് ലൈസൻസിനും ഡ്രൈവിംഗ് ലൈസൻസിനുമുള്ള ഓൺലൈൻ അപേക്ഷ.
3. ഫിറ്റ്നെസ് സർട്ടിഫിക്കറ്റിനുള്ള ഓൺലൈൻ അപേക്ഷ.
4. ഡ്രൈവിംഗ് ലൈസൻസിന്റെ വിവരങ്ങൾ അറിയാനുള്ള സംവിധാനം.

5. വാഹനത്തിന്റെ വിവരങ്ങൾ അറിയാനുള്ള സംവിധാനം.
6. അപേക്ഷയുടെ നിലവിലുള്ള അവസ്ഥ അറിയാനുള്ള സംവിധാനം.
7. പുതുതായി രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ അറിയാനുള്ള സംവിധാനം.
8. രജിസ്ട്രേഷൻ നമ്പർ ലഭ്യത/ ബുക്കിംഗ് നില അറിയാനുള്ള സംവിധാനം.
9. താൽകാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിവരങ്ങൾ അറിയാനുള്ള സംവിധാനം.
10. പരാതി രജിസ്റ്റർ ചെയ്യുവാനും തീർപ്പ് കൽപ്പിച്ച് മറുപടി നൽകുന്നതിനുള്ള സംവിധാനം.
11. വാഹനത്തിന്റെ നികുതി അടയ്ക്കേണ്ട തുകയുടെ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം.
12. ലേണേഴ്സ് ലൈസൻസ് ടെസ്റ്റിന്റെ പരിശീലനത്തിനുള്ള സൗകര്യം.
13. വകുപ്പിന്റെ ഫോറങ്ങൾ ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം.

**ജി2ജി (ഗവൺമെന്റ് ടു ഗവൺമെന്റ് സേവനങ്ങൾ**

പോലീസ്, മോട്ടോർ വാഹന വകുപ്പ്, എക്സൈസ് എന്നീ എൻഫോഴ്സ് മെന്റ് വകുപ്പുകൾക്ക് ഡ്രൈവിംഗ് ലൈസൻസിന്റെയും വാഹനത്തി ന്റെയും പൂർണ്ണ വിവരങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യം.

(സി) സംസ്ഥാനത്ത് വ്യാജ ഡ്രൈ വിംഗ് ലൈസൻസുകൾ പ്രചരിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് കണ്ടുപിടിക്കുന്നതിനും കുറ്റ ക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടു ണ്ടോ; വിശദമാക്കുമോ;

(സി) ഉണ്ട്. ഇരിഞ്ഞാലക്കുടയിൽ ഇത്തര ത്തിൽ വ്യാജ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് വരന്തരപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 391/09 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ പത്തനംതിട്ട ആർ.ടി. ഓഫീസ് പെരുമ്പാവൂർ ജോയിന്റ് ആർ.ടി. ഓഫീസ് എന്നിവിടങ്ങളിൽ അനധികൃത ലൈസൻസ് കൊടുക്കാ

നിടയായി എന്ന കേസിൽ ഒരു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയും ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയും അന്വേഷണ വിധേയമായി, സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരിക്കുകയാണ്. ഇവർക്കെതിരെ നടപടികൾ പുരോഗമിച്ചു വരുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ലൈസൻസ് പുതുക്കുന്നതിനും മേൽവിലാസം മാറ്റുന്നതിനും അതാത് ഓഫീസിൽ അപേക്ഷ കൊടുക്കുമ്പോൾ ഒറിജിനൽ ലൈസൻസ് അതോറിറ്റിയുടെ എൻ.ഒ.സി നിഷ്കർഷിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഡ്രൈവിംഗ് ടെസ്റ്റുകൾ കുറ്റമറ്റതും കാര്യക്ഷമവും ആക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | സ്വീകരിച്ചു വരുന്നു. കോഴിക്കോട് ചേവായൂരിൽ കമ്പ്യൂട്ടർവൽകൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ചില ജില്ലകളിലും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

മോട്ടോർ വാഹന വകുപ്പ് വിവര സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ അഴിമതിരഹിതവും സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനായി വകുപ്പിന്റെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിവിധ പരാതികൾ എസ്.എം.എസ് വഴി നേരിട്ട് ഗതാഗത കമ്മീഷണർക്ക് അയയ്ക്കുവാനുള്ള സൗകര്യം നൽകിയിട്ടുണ്ട്. ഇതു കൂടാതെ വകുപ്പിന്റെ വെബ്സൈറ്റ് വഴി ഓൺ ലൈൻ ആയി പരാതികൾ സമർപ്പിക്കാനുള്ള സൗകര്യവും പൊതുജനങ്ങൾക്കുണ്ട്. ഓഫീസ് പ്രവർത്തനം സുതാര്യവും വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിന്റെയും ഭാഗമായി ജനങ്ങൾക്ക് സ്പീഡ് പോസ്റ്റ് വഴി രേഖകൾ അയച്ചുകൊടുക്കുന്നുണ്ട്. വെബ്സൈറ്റ് വഴി പെർമിറ്റ്, ലൈസൻസ്, രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള അപേക്ഷയുടെ നിലവിലുള്ള അവസ്ഥ അറിയാനുള്ള സൗകര്യം ഉണ്ടാക്കിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുഗമവും സുതാര്യമാക്കുന്നതിന്റെ ഭാഗമായി e-payment സംവിധാനവും online application ഉം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ, ആരംഭിച്ചിട്ടുണ്ട്. സർവ്വീസ് സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന്റെ ഭാഗമായി IDEAS എന്ന File tracking സംവിധാനം ഗതാഗത കമ്മീഷണറുടെ ഓഫീസിൽ നടപ്പിലാക്കിയിട്ടുണ്ട്.പ്രസ്തുത സംവിധാനം ആർ.റ്റി.ഒ / സബ് ആർ.റ്റി. ഓഫീസുകളിൽ നടപ്പിലാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഈ വകുപ്പിലെ എല്ലാ ജീവനക്കാർക്കും യഥാസമയം കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ഐ.എം.ജി. സെന്ററുകളിൽ പരിശീലനം നൽകി വരുന്നുണ്ട്. ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള പൗരാവകാശ രേഖയുടെ കരട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ ഭേദഗതി സംബന്ധമായ ചർച്ചകൾ നടന്നു വരുന്നുണ്ട്. പ്രസ്തുത ചർച്ചകളുടെ

അടിസ്ഥാനത്തിൽ വിവരാവകാശ രേഖയുടെ പൂർണ്ണരൂപം പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിൽ പുതിയതായി ആരംഭിച്ച hptt://keralamvd.gov.in എന്ന വെബ്സൈറ്റിലൂടെ ചുവടെ പറയുന്ന സേവനങ്ങൾ നൽകി വരുന്നു.

**ജി2 സി (ഗവൺമെന്റ് ടു സിറ്റിസൺ സേവനങ്ങൾ**

1. വാഹന രജിസ്ട്രേഷനുള്ള ഓൺലൈൻ അപേക്ഷ
2. ലേണേഴ്സ് ലൈസൻസിനും ഡ്രൈവിംഗ് ലൈസൻസിനുമുള്ള ഓൺലൈൻ അപേക്ഷ
3. ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിനുള്ള ഓൺലൈൻ അപേക്ഷ
4. ഡ്രൈവിംഗ് ലൈസൻസിന്റെ വിവരങ്ങൾ അറിയാനുള്ള സംവിധാനം
5. വാഹനത്തിന്റെ വിവരങ്ങൾ അറിയാനുള്ള സംവിധാനം
6. അപേക്ഷയുടെ നിലവിലുള്ള അവസ്ഥ അറിയാനുള്ള സംവിധാനം
7. പുതുതായി രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ അറിയാനുള്ള സംവിധാനം
8. രജിസ്ട്രേഷൻ നമ്പർ ലഭ്യത /ബുക്കിംഗ് നില അറിയാനുള്ള സംവിധാനം
9. താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിവരങ്ങൾ അറിയാനുള്ള സംവിധാനം
10. പരാതി രജിസ്റ്റർ ചെയ്യുവാനും തീർപ്പ് കൽപ്പിച്ച് മറുപടി നൽകുന്നതിനുള്ള സംവിധാനം
11. വാഹനത്തിന്റെ നികുതി അടയ്ക്കേണ്ട തുകയുടെ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം .
12. ലേണേഴ്സ് ലൈസൻസ് ടെസ്റ്റിന്റെ പരിശീലനത്തിനുള്ള സൗകര്യം.
13. വകുപ്പിന്റെ ഫാറങ്ങൾ ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം,

**ജി2 ജി (ഗവൺമെന്റ് ടു ഗവൺമെന്റ് സേവനങ്ങൾ**

1. പോലീസ് , മോട്ടോർ വാഹന വകുപ്പ്, എക്സൈസ് എന്നീ എൻഫോഴ്സ്മെന്റ് വകുപ്പുകൾക്ക് ഡ്രൈവിംഗ് ലൈസൻസിന്റേയും വാഹനത്തിന്റേയും പൂർണ്ണ വിവരങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യം.

സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓഫീസുകളിൽ അഴിമതി തടയുന്നതിനുവേണ്ടി കാലാകാലങ്ങളിൽ ഓഫീസ് മേലധികാരികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

ഇരിഞ്ഞാലക്കുടയിൽ വ്യാജ ഡ്രൈവിംഗ് ലൈസൻസ് നല്കുന്നതുമായി ബന്ധപ്പെട്ട് വരന്തരപ്പിള്ളി പോലീസ് സ്റ്റേഷനിൽ കേസ് (ക്രൈ. നമ്പർ 391 /09) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ പത്തനംതിട്ട ആർ.ടി.ഓഫീസ്, പെരുമ്പാവൂർ, ജോയിന്റ് ആർ. ടി. ഓഫീസ് എന്നിവിടങ്ങളിൽ അനധികൃത ലൈസൻസ് കൊടുക്കാനിടയായി എന്ന കേസിൽ ഒരു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയും ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിരിക്കുകയാണ്. ഇവർക്കെതിരെയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മോട്ടോർ വാഹന വകുപ്പ് സമ്പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിച്ചതിനാൽ, മോട്ടോർ ഡ്രൈവിംഗ് ലൈസൻസുകളുടെ നിജസ്ഥിതി ഈ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ലൈസൻസ് പുതുക്കുന്നതിനും change of address രേഖപ്പെടുത്തുന്നതിനും , അതാത് ഓഫീസിൽ അപേക്ഷ കൊടുക്കുമ്പോൾ ഒറിജിനൽ ലൈസൻസ് അതോറിറ്റിയുടെ എൻ.ഒ.സി നിഷ്കർഷിക്കുന്നുണ്ട്.

കോഴിക്കോട് ചേവായൂരിൽ കമ്പ്യൂട്ടർ വൽകൃത ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അതേപോലെ മറ്റ് ചില ജില്ലകളിലും, ഡ്രൈവർ ടെസ്റ്റിന് ട്രാക്ക് നിർമ്മിക്കുവാനുള്ള സ്ഥലം ലഭിക്കുന്നതിനെപ്പറ്റിയുള്ള അന്വേഷണം നടന്നു വരുന്നു. ആ സ്ഥലങ്ങളിൽ സ്ഥലം ലഭ്യമാകുന്നമുറക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 138 08-03-2010-ൽ മറുപടിക്ക്.

## വീര്യം കുറഞ്ഞ മദ്യം

| ചോദ്യം: | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>" കെ. രാജു<br>" കെ. അജിത്<br>" പള്ളിപ്രം ബാലൻ<br>" എ. കെ. ചന്ദ്രൻ | | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | വീര്യം കുറഞ്ഞ മദ്യം വ്യാപകമാക്കണെമെന്ന ശുപാർശ ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലുണ്ടോ; എങ്കിൽ എത്ര ശതമാനം ആൽക്കഹോൾ അടങ്ങിയ മദ്യമാണ് ഇപ്രകാരം വ്യാപകമാക്കണെമെന്ന ശുപാർശ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വീര്യം കുറഞ്ഞ മദ്യം വ്യാപകമാക്കണമെന്ന ശുപാർശ, ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലില്ല. |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ വിറ്റഴിക്കുന്ന വിദേശമദ്യം, ബിയർ, വൈൻ, കള്ള് എന്നിവയിൽ എത്ര ശതമാനം വീതം ആൽക്കഹോൾ അടങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | വിദേശമദ്യത്തിൽ 42.86% v/v-ഉം, ബിയറിൽ 6% v/v-ഉം, വൈനിൽ 8% v/v മുതൽ 15.5% v/v- വരെയും, കള്ളിൽ 8.1% v/v-ഉം ആൽക്കഹോൾ അടങ്ങിയിട്ടുണ്ട്. |
| (സി) | വീര്യം കുറഞ്ഞ മദ്യം വ്യാപകമാക്കുന്നതിനും കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കുമോ? | (സി) | വീര്യം കുറഞ്ഞ മദ്യം വ്യാപകമാക്കുന്നതിനും, കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി പുതുതായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 139 — 8/3/2010-ൽ മറുപടിക്ക്

ആദിവാസി ജനസമ്പർക്ക പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ. കെ. ലതിക :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. രാജു എബ്രഹാം : | ശ്രീ. എ. കെ. ബാലൻ<br>പട്ടിക സമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പു മന്ത്രി. |

| | | | |
| --- | --- | --- | --- |
| (എ) | പിന്നോക്കവിഭാഗക്ഷേമ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ആദിവാസി ജനസമ്പർക്ക പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (എ) | ആദിവാസി മേഖലയിലെ വിവിധങ്ങളായ പ്രശ്നങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കുന്നതിനും അവരുടെ ജീവൽ പ്രധാനമായ പ്രശ്നങ്ങൾ അവരുമായി നേരിൽ സംസാരിച്ചു മനസ്സിലാക്കി കഴിയാവുന്നത്ര കാര്യങ്ങൾക്ക് കഴിയാവുന്നത്ര വേഗത്തിൽ പരിഹാരം കാണാനും ഉദ്ദേശിച്ചാണ് ഊര് സന്ദർശനം നടത്തിയത്. |
| (ബി) | പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ആദിവാസി സങ്കേതങ്ങളാണ് സന്ദർശിച്ചത് ; | (ബി) | വയനാട്, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലെ ഏറെ പിന്നാക്കം നില്ക്കുന്ന സങ്കേതങ്ങളിലാണ് സന്ദർശനം നടത്തിയത്. കോളനികളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്. |
| (സി) | ജനസമ്പർക്ക പരിപാടിയിൽ ആദിവാസികളുടെ എന്തെല്ലാം പ്രശ്നങ്ങളാണ് ശ്രദ്ധയിൽപ്പെട്ടത് ; | (സി) | വാസയോഗ്യമല്ലാത്ത വീടുകൾ, റോഡുകൾ, കുടിവെള്ളം, വൈദ്യുതി, ആരോഗ്യ ചികിത്സാ എന്നീ രംഗങ്ങളിലെ പ്രശ്നങ്ങൾ മുതലായവയാണ് ശ്രദ്ധയിൽപ്പെട്ടത്. |

| | | | |
|---|---|---|---|
| (ഡി) | അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ഡി) | ഊരിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതി നിർദ്ദേശങ്ങൾ പരിഗണിച്ചു വരികയാണ്. കൂടാതെ ഭൂമി, വീട്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കി വരികയാണ്. ചികിത്സാ സഹായത്തിനു ലഭിച്ച അപേക്ഷ കളിന്മേൽ നടപടി സ്വീകരിച്ച് തുക അനുവദിച്ചിട്ടുണ്ട് |
| (ഇ) | ആദിവാസികളെ സമൂഹത്തിൽ മുഖ്യധാര യിൽ കൊണ്ടു വരുന്നതിന് പ്രയോജന പ്പെടുന്ന പദ്ധതികൾ ആവിഷ്കരി ക്കുമോ ; | (ഇ) | ആവശ്യാനുസരണം ആവിഷ്കരിക്കു ന്നതാണ്. |
| (എഫ്) | ആദിവാസികൾക്കായി ആവിഷ്കരിച്ച പദ്ധതികൾ അവർക്ക് എത്ര മാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് പരിശോധി ക്കുന്നതിന് സംവിധാനം ഏർപ്പെടു ത്തുമോ ? | (എഫ്) | ആദിവാസികൾക്കായി ആവിഷ്കരിച്ച പദ്ധതികൾ എത്ര മാത്രം പ്രയോജന പ്പെട്ടിട്ടുണ്ടെന്ന് പരിശോധിക്കുന്നതി നായി സംവിധാനം ഏർപ്പെടുത്തു ന്നതാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ആദിവാസി സങ്കേതങ്ങളേയും കുറിച്ച് സമഗ്രമായ സ്ഥിതി വിവര കണക്ക് KILA മുഖേന ശേഖരിച്ചിട്ടുണ്ട്. കൂടാതെ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേന പഠനം നടത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

— — — — — — — —

അനുബന്ധം

I. വയനാട് ജില്ല

സുൽത്താൻ ബത്തേരി

| | |
|---|---|
| 1 | മുളഞ്ചിറ |
| 2 | മതിനാട് |
| 3 | മടൂർ സിബി |
| 4 | [illegible] |

മാനന്തവാടി

| | |
|---|---|
| 5 | ബേഗൂർ പനവല്ലി |
| 6 | നെല്ലിക്കച്ചാൽ |
| 7 | വെള്ളമലാട് |

കൽപ്പറ്റ

| | |
|---|---|
| 8 | കുറ്റിയാം വയൽ |
| 9 | ഇടിയംവയൽ |
| 10 | സുഗന്ധഗിരി |
| 11 | മുട്ടിൽമല-പഴശ്ശി |
| 12 | കല്ലുവയൽ |
| 13 | കോട്ടത്തറ പോയിൽ |
| 14 | പഞ്ചമി |
| 15 | കൈകളി മല |
| 16 | കുപ്പച്ചി |

II. പാലക്കാട് ജില്ല

പാലക്കാട്

| | |
|---|---|
| 17 | മെക്കടി അല്ലുമ്പ്രം കോളനി |
| 18 | സുങ്കം കോളനി |
| 19 | [illegible] ഡാം കോളനി |
| 20 | അഞ്ചാം കോളനി |
| 21 | കടവ് കോളനി |

അട്ടപ്പാടി

| | |
|---|---|
| 22 | മൂലഗംഗൽ |
| 23 | വെള്ളക്കുളം |
| 24 | വെച്ചപ്പതി |
| 25 | വരഗംപാടി |
| 26 | മരപ്പാലം |
| 27 | പാലൂർ |
| 28 | പാടവയൽ |
| 29 | നെല്ലിപ്പതി |
| 30 | അഗളി ഗേൾസ് ഹോസ്റ്റൽ-2 |

III. ഇടുക്കി

| | |
|---|---|
| 31 | കൊലുമ്പൻ |
| 32 | തിങ്കൾക്കാട് |
| 33 | പൂപ്പാറ |
| 34 | ചിന്നക്കനാൽ 80 ഏക്കർ |
| 35 | ചെമ്പകത്തൊഴുകുടി |
| 36 | പച്ചപ്പുൽക്കുടി |
| 37 | ചാറ്റുപാറകുടി |
| 38 | ചിങ്കപ്പാറക്കുടി |
| 39 | കൊരങ്ങാടി |
| 40 | കോമാളിക്കുടി |
| 41 | ചൊക്രമുടി |
| 42 | ചിന്നക്കനാൽ പന്തടിക്കളം |
| 43 | കുത്തുങ്കൽ വിലക്ക് |

IV. തിരുവനന്തപുരം

| | |
|---|---|
| 44 | ഇടിഞ്ഞാർ |
| 45 | പട്ടൻ കുളിച്ച പാറ |
| 46 | ചെട്ടിയാംപാറ |
| 47 | പൊടിയക്കാല |
| 48 | ചാത്തൻകോട് |
| 49 | ചോനാംപാറ |
| 50 | വാലിപ്പാറ |
| 51 | പൊടിയം |

Section Officer

12-ാം കേരള നിയമസഭ
14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 140

8.3.2010-ൽ മറുപടിക്ക്

## ലോഫ്ളോർ ബസ് സർവ്വീസുകൾ ലാഭകരമാക്കാൻ നടപടി

**ചോദ്യം**

ശ്രീ.എ.എം.യൂസഫ്
ശ്രീ. വി.ജെ.തങ്കപ്പൻ
ശ്രീ.സി.എം.ദിനേശ് മണി
ശ്രീ. വി.ശിവൻകുട്ടി
ശ്രീമതി.ജെ.അരുന്ധതി

**ഉത്തരം**

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ജവഹർലാൽ നെഹ്റു ദേശീയനഗര പുനരുദ്ധാരണപദ്ധതി പ്രകാരം അനുവദിച്ച എത്ര ലോഫ്ളോർ ബസ്സുകൾ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നുണ്ട്; പ്രസ്തുത സർവ്വീസുകൾ ലാഭകരമാണോ എന്ന് വ്യക്തമാക്കുമോ; | (എ) | പതിനഞ്ച് (15).<br><br>എ.സി.ലോഫ്ളോർ വോൾവോ ബസ്സുകൾ ഒരു കി.മീറ്റർ സർവ്വീസ് നടത്തുന്നതിന് തേയ്മാന ചിലവ് അടക്കം 48 രൂപ 17 പൈസ ചിലവ് വേണ്ടി വരും. ഇതിലും അധികം വരുമാനം ഒരു കി.മീറ്റർ എന്ന കണക്കിൽ ലഭിച്ചാൽ മാത്രമേ പ്രസ്തുത സർവ്വീസുകൾ ലാഭകരമാണെന്ന് പറയാൻ കഴിയുകയുള്ളൂ. ജനുവരി 31 വരെയുള്ള കണക്കുകൾ പ്രകാരം പ്രസ്തുത സർവ്വീസുകൾ ലാഭകരമല്ല. എന്നാൽ പ്രസ്തുത സർവ്വീസുകളിൽ നിന്നും ജീവനക്കാരുടെ ശമ്പളം ഇന്ധനം ഉൾപ്പടെയുള്ള പ്രവർത്തന ചെലവിനുള്ള തുക ലഭിക്കുന്നുണ്ട്. |
| (ബി) | ലോഫ്ളോർ ബസ്സുകൾക്കായി പ്രത്യേക കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതിപ്രകാരം ലഭ്യമാകുന്ന ബസ്സുകളുടെ നടത്തിപ്പിനായി കെ.എസ്.ആർ.ടി.സി.യുടെ നിയന്ത്രണത്തിലുള്ള രണ്ട് സബ്സിഡിയറി കോർപ്പറേഷനുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |



— — — — — — — —

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് ഇനി എത്ര ബസ്സുകൾ കൂടി ലഭിക്കും എന്ന് വെളിപ്പെടുത്തുമോ; | (സി) | തിരുവനന്തപുരത്ത് 142 ബസ്സുകൾ. (22 എ.സി, 120 നോൺ എ.സി. കൊച്ചിയിൽ 193 ബസ്സുകൾ (43 എ.സി, 120 നോൺ എ.സി. 30 മിനി ബസ്സുകൾ) |
| (ഡി) | ലോഫ്ളോർ ബസ് സർവ്വീസുകൾ ലാഭകരമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിൽ ഉള്ളതെന്ന് വിശദീകരിക്കുമോ; | (ഡി) | ഇരുചക്ര വാഹനങ്ങളുടെയും മറ്റു വ്യക്തിഗത-സ്വകാര്യ ചെറു വാഹനങ്ങളുടെയും ഉപയോഗം കുറയ്ക്കുകയും തദ്വാര സിറ്റികളിൽ ഗതാഗതക്കുരുക്ക് കുറയ്ക്കുകയും, ഇന്ധനം ലാഭിക്കുകയും, നഗരങ്ങളിലെ യാത്രക്കാർക്ക് സുഖകരമായ യാത്രാനുഭവം പ്രദാനം ചെയ്യുകയുമാണ് JnNURM പദ്ധതിയിലെ ലോഫ്ളോർ ബസ്സുകൾ കൊണ്ടുദ്ദേശിക്കുന്നത്.<br><br>ഈ സർവ്വീസുകൾ ലാഭകരമായും ജനോപകാരപ്രദമായും നടത്തണമെങ്കിൽ ഈ ബസ്സുകൾ ഓടുന്ന റൂട്ടുകളുടെ ടെർമിനൽ പോയിന്റുകളിലും, ഇടയ്ക്കുള്ള പ്രധാന പോയിന്റുകളിലും പാർക്കിംഗ് സംവിധാനവും യാത്രക്കാർക്ക് ആവശ്യമായ വെയിറ്റിംഗ് ഷെഡും നിർമ്മിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:141 08-3-2010 ൽ മറുപടിയ്ക്ക്

### അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള തടസ്സങ്ങൾ

ചോദ്യം

ശ്രീ. എ.സി. മൊയ്തീൻ
,, ബി.ഡി. ദേവസ്സി
,, കെ.വി. അബ്ദുൾ ഖാദർ
,, മുരളി പെരുനെല്ലി
പ്രൊഫ. സി. രവീന്ദ്രനാഥ്

മറുപടി

ശ്രീ. എ.കെ. ബാലൻ
(ബഹു: പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് കേന്ദ്ര പരിസ്ഥിതി വകുപ്പ് ഉന്നയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

എ) കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 1998 ലും 2005 ലും 2007 ലും ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയ്ക്ക് അനുമതി നൽകിയിരുന്നു. എന്നാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 04.01.2010 തീയതി വച്ചു നൽകിയ നോട്ടീസിൽ 2007 ൽ പദ്ധതിയ്ക്കു നൽകിയ പാരിസ്ഥിക അനുമതി റദ്ദാക്കാതിരിക്കാനും പദ്ധതി നിർത്തലാക്കാതിരിക്കാനുമുള്ള കാരണം കാണിക്കൽ നോട്ടീസ് വൈദ്യുതി ബോർഡ് ചെയർമാന് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിൽ താഴെപ്പറയുന്ന തടസ്സങ്ങളാണ് കേന്ദ്ര പരിസ്ഥിതി വകുപ്പ് ഉന്നയിച്ചിട്ടുള്ളത്.

പദ്ധതി പ്രദേശത്തു താമസക്കാരായ കാടാർ സമുദായത്തിൽപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് അണക്കെട്ടുമൂലമുണ്ടാകുന്ന ആധുനിക വികസന പ്രവർത്തനങ്ങളുടെ ഭീഷണി.

പദ്ധതി പ്രദേശത്തെ ജൈവ വൈവിധ്യ മേഖലയ്ക്കു ഉണ്ടാകുന്ന പാരിസ്ഥിതിക ആഘാതങ്ങൾ.

ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ വിശദീകരണം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ബി) കാരണം കാണിക്കൽ നോട്ടീസിന് സംസ്ഥാന വൈദ്യുതി ബോർഡ് 19.1.2010 -ൽ വിശദമായ മറുപടി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് നൽകി. പദ്ധതി പ്രദേശത്തു നിന്നും ഒരു ആദിവാസി കുടുംബത്തിനേയും കുടിയൊഴിപ്പിക്കേണ്ടി വരുന്നില്ല. അതേസമയം പദ്ധതി പ്രദേശത്തെ സമീപവാസികളായ ആദിവാസി കുടംബങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ഒരു സമിതി ക്ഷേമ പ്രവർത്തനങ്ങളുടെ മേൽ നോട്ടത്തിനും ഇതു സമയബന്ധിതമായി നടപ്പാക്കുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്

138.60 ഹെക്ടർ വനഭൂമിയാണ് ആവശ്യം. ഇതിൽ 39.20 ഹെക്ടർ നദിയുടെ അടിത്തട്ടും (റിവർബെഡ്) 36.80 ഹെക്ടർ തേക്ക് പ്ലാന്റേഷനും ആണ്. ഈ പദ്ധതി മൂലം 28.4 ഹെക്ടർ സ്വാഭാവിക വനം മാത്രമേ മുങ്ങി പോകുകയുള്ളൂ. 16.12.1999 -ൽ വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ അനുമതി നൽകി. പദ്ധതി പ്രദേശത്തെ ജൈവ വൈവിധ്യത്തെപ്പറ്റി ടി.ബി.ജി.ആർ.ഐ (TBGRI) ട്രോപിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്, വാപ്കോസ് (Water and Power Consultancy Services under Ministry & Water Resources), New Delhi, എന്നീ സ്ഥാപനങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപരി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം വിവിധ ഘട്ടങ്ങളിലായി നിയോഗിച്ച വിദഗ്ദ്ധ സംഘങ്ങളും വിദഗ്ദ്ധരും പദ്ധതി പ്രദേശത്തെ ജൈവ വൈവിധ്യത്തെപ്പറ്റിയും പദ്ധതി മൂലമുണ്ടാകുന്ന ആഘാതങ്ങളെപ്പറ്റിയും പഠിച്ച് വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പദ്ധതി മൂലമുണ്ടാകുന്ന ആഘാതങ്ങളെപ്പറ്റി ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആശങ്കകളും ഉന്നയിച്ചവരിൽ നിന്നും 2002 ലും 2006 ലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തെളിവെടുപ്പ് നടത്തുകയുണ്ടായി. 2007 -ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച നാലംഗ വിദഗ്ദ്ധ സംഘം പദ്ധതി പ്രദേശം സന്ദർശിച്ച് വിവിധ ആശങ്കകളും അഭിപ്രായങ്ങളും ഉന്നയിച്ചവരിൽ നിന്നും തെളിവുകൾ ശേഖരിച്ചു. മേൽപ്പറഞ്ഞ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസ് പിൻവലിക്കണമെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് അപേക്ഷിച്ചിട്ടുണ്ട്.

കൂടാതെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് നൽകിയ പാരിസ്ഥിതികാനുമതി പിൻവലിക്കുവാനുള്ള നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് ബഹു: മുഖ്യമന്ത്രി കേന്ദ്ര പരിസ്ഥിതി വനം വകുപ്പു മന്ത്രി ശ്രീ. ജയറാം രമേഷിന് 09.02.2010 -ൽ കത്തെഴുതിയിട്ടുണ്ട്.

| | |
|---|---|
| (സി) സംസ്ഥാനത്തിന്റെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് വളരെയധികം | സി) പ്രസ്തുത പദ്ധതിയുടെ പാരിസ്ഥിതിക അനുമതി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ബഹു: കേരള ഹൈക്കോടതി മുമ്പാകെ രണ്ട് പൊതു താല്പര്യ ഹർജി നിലവിലുണ്ട്. സംസ്ഥാന |

| | |
|---|---|
| പ്രയോജനപ്രദമായ ഈ പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | സർക്കാരിന്റെ വാദമുഖങ്ങളും പദ്ധതി മൂലമുണ്ടാകുന്ന നേട്ടങ്ങളും സംസ്ഥാനത്തിന്റെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് വളരെയധികം പ്രയോജനപരമായ പ്രസ്തുത പദ്ധതിയെപ്പറ്റിയും ബഹു: കേരള ഹൈക്കോടതിയുടെ മുമ്പാകെ ബോധിപ്പിക്കുന്നതിന് വേണ്ടി സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനെ നിയോഗിക്കുകയുണ്ടായി. സംസ്ഥാന വൈദ്യുതി ബോർഡ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ കാരണം കാണിക്കൽ നോട്ടീസിനു നൽകിയ മറുപടി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരുന്നു. പ്രസ്തുത അറിയിപ്പ് 10.02.2010 -ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം വൈദ്യുതി ബോർഡിനെ അറിയിക്കുകയുണ്ടായി. സംസ്ഥാന വൈദ്യുതി ബോർഡിലെ ഉയർന്ന ഉദ്യോഗസ്ഥർ പരിസ്ഥിതി മന്ത്രാലയത്തിന്റെ അറിയിപ്പ് ലഭിയ്ക്കുന്ന മുറയ്ക്ക് എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിക്ക് മുമ്പാകെ ഹാജരായി സംസ്ഥാനത്തിന്റെ വാദമുഖങ്ങളും വിശദീകരണങ്ങളും നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി വിദഗ്ദ്ധർ ഉൾക്കൊള്ളുന്ന സംഘത്തെ മന്ത്രാലയത്തിന്റെ അറിയിപ്പ് ലഭിയ്ക്കുന്ന മുറയ്ക്ക് എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയ്ക്ക് മുമ്പാകെ വിശദമായ വാദങ്ങൾ നിരത്താൻ നിയോഗിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 142 — 08/3/2010 -ൽ മറുപടിക്ക്

## കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.പി.കുഞ്ഞുണ്ണി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭൂവുടമാ വിഹിതം വർദ്ധിപ്പിച്ചുകൊണ്ടും, ക്ഷേമനിധിയിലേക്ക് അംശദായമായി ഓരോ വർഷവും തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കുന്ന തുകയ്ക്ക് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റ് അനുവദിച്ചുകൊണ്ടും ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങളുടെ ആശ്രിതർക്ക് 2,000/- രൂപ അടിയന്തിര ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബോർഡ് നടപ്പാക്കി വരുന്ന മറ്റ് ക്ഷേമാനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ബോർഡ് ഒരു സബ്കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. സബ്കമ്മിറ്റി ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (ബി) | കർഷകത്തൊഴിലാളികൾക്ക് അതി വർഷാനുകൂല്യം നൽകിയതിന്റെ പ്രയോജനം എത്രപേർക്ക് ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (ബി) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പദ്ധതി ആരംഭം മുതൽ 2010 ഫെബ്രുവരി 28 വരെ 1,79,043 പേർക്ക് അതിവർഷാനുകൂല്യം നൽകിയിട്ടുണ്ട്. 86.34 കോടി രൂപ ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതേവരെ 81,905 അംഗങ്ങൾക്കായി 47.77 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ കുടിശ്ശികയുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക തീർക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | ഉണ്ട്.<br>ബോർഡിൽ നിന്നും അതിവർഷാനുകൂല്യ ഇനത്തിൽ വിതരണം ചെയ്യാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 114.9 കോടി രൂപ സർക്കാർ ധന സഹായമായി ബോർഡിന് അനുവദിച്ച് നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 75 കോടി രൂപ ഇതിനകം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | കർഷകത്തൊഴിലാളികൾക്ക് രണ്ടു രൂപാ നിരക്കിൽ അരി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | പാവപ്പെട്ടവർക്ക് രണ്ടുരൂപാ നിരക്കിൽ അരി നൽകുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ കർഷക തൊഴിലാളികളും ഉൾപ്പെടും. |
| (ഇ) | കർഷകത്തൊഴിലാളികൾക്കായി പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഇ) | തൽക്കാലം പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (എഫ്) | ഗുരുതരമായ രോഗങ്ങൾ ബാധിച്ച കർഷകത്തൊഴിലാളികൾക്ക് ചികിത്സാചെലവ് പൂർണ്ണമായും നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | (എഫ്) | ഇത്തരത്തിലുള്ള പദ്ധതികളൊന്നും ബോർഡ് ഇപ്പോൾ നടപ്പിലാക്കി വരുന്നില്ല, എന്നാൽ ഗുരുതരമായ രോഗം ബാധിച്ച ക്ഷേമനിധി അംഗങ്ങളായ കർഷക തൊഴിലാളികൾക്ക് 2,000/- രൂപ ചികിത്സാ ധനസഹായമായി അനുവദിക്കുന്നതിനുള്ള ഒരു നിർദ്ദേശം ബോർഡിന്റെ പരിഗണനയിലുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 143 8.3.2010-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

**ചോദ്യം** **ഉത്തരം**

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
ശ്രീ. വി.ശിവൻകുട്ടി
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ.എ. പ്രദീപ് കുമാർ
ശ്രീ. സി.എച്ച്. കുഞ്ഞമ്പു.

ശ്രീ. ജോസ് തെറ്റയിൽ,
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി. തകർച്ചയുടെ വക്കിലെത്തിയ ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയത്. പ്രതിവർഷം 1000 ബസ്സുകൾ പുറത്തിറക്കി കോർപ്പറേഷന്റെ വികസനം ഉറപ്പാക്കി നഷ്ടം കുറച്ചുകൊണ്ടു വരാനുള്ള ദീർഘവീക്ഷണത്തോടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 2006 ജൂൺ മാസം പ്രതിദിനം 11.52 ലക്ഷം കി.മീ. സർവ്വീസ് നടത്തിയിരുന്നത് ഇപ്പോൾ പ്രതിദിനം 15.20 ലക്ഷത്തോളം കി.മീറ്ററായി വർദ്ധിച്ചു. 2006 ജൂണിൽ 2.27 കോടി രൂപയാണ് പ്രതിദിനം വരുമാനം ലഭിച്ചിരുന്നത്. 2009 നവംബറിൽ പ്രതിദിനം 3.22 കോടി രൂപയായി വർദ്ധിച്ചു. കർണ്ണാടക, തമിഴ്നാട് അന്തർ സംസ്ഥാന സർവ്വീസുകളും, ജനപ്രിയ മലബാർ സർവ്വീസുകളും ഉൾപ്പെടെ 945 സർവ്വീസുകൾ അധികമായി ഓടിച്ചും, നിലവിലുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും, തിരുവനന്തപുരം സിറ്റിയിൽ |

| | | | |
|---|---|---|---|
| | | | സമാന്തര സർവ്വീസുകളെ നിയന്ത്രിച്ചുമാണ് ഈ നേട്ടം കൈവരിക്കാനായത്.<br><br>ഈ കാലയളവിൽ 18853 പേർക്ക് പി.എസ്.സി., എംപ്ലോയ്മെന്റ്, ആശ്രിതനിയമനം വഴി പുതിയതായി നിയമനവും നൽകി. ഇതിൽ 10364 നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തിയത്. 6930 പേരുടെ പി.എസ്.സി. ലിസ്റ്റ് കണ്ടക്ടർ നിയമനം നടത്തുന്നതിന് കോർപ്പറേഷന് ലഭിക്കുകയും നിയമനം ഉടനെ നടത്തുന്നതുമാണ്. ഇവരെ നിയമിക്കുമ്പോൾ താല്ക്കാലിക കണ്ടക്ടർമാരെ നിയമാനുസൃതം പിരിച്ചുവിടുന്നതാണ്. ജീവനക്കാരെയും, ട്രേഡ് യൂണിയനുകളേയും വിശ്വാസത്തിലെടുത്ത് പ്രവർത്തിച്ചതുമൂലമാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായത്.<br><br>സുരക്ഷിതവും സുഖകരവും വിശ്വസനീയവുമായ യാത്ര - മിതമായ നിരക്കിൽ ഉറപ്പാക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാനും, സേവനം വിപുലീകരിക്കാനും തിരുവനനതപുരം നഗരത്തിലെ യാത്രാ സൗകര്യം വർദ്ധിപ്പിക്കാനുമായി 80 പുതിയ അനന്തപുരി ഫാസ്റ്റ് ബസ്സുകൾ 2009 ജനുവരി 31-ാം തീയതിയ്ക്കു ശേഷം ആരംഭിച്ചു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ചു. വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന കൺസഷൻ ടിക്കറ്റ് ദുരുപയോഗം ചെയ്യുന്നതിലൂടെ ഉണ്ടാക്കുന്ന വരുമാനച്ചോർച്ച |

| | | | |
|---|---|---|---|
| | | | തടയുന്നതിലേക്കായി കൺസഷൻ ടിക്കറ്റുകളിൽ ഫോട്ടോ പതിക്കുന്ന രീതി ഏർപ്പെടുത്തി. ആയതിലൂടെ കൺസഷൻ ടിക്കറ്റ് വിദ്യാർത്ഥികൾതന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിഞ്ഞു. മാത്രമല്ല, വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് കൺസഷൻ കാർഡിനു വേണ്ടി കെ.എസ്.ആർ.ടി.സി. ഓഫീസിൽ വരേണ്ട ആവശ്യം ഇല്ലാതെയായി.<br><br>സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ,കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 5 മേഖലാ ഓഫീസുകൾ ആരംഭിച്ചു. തിരുവനന്തപുരത്ത് സിറ്റി ബസുകൾക്ക് റൂട്ട് നമ്പർ നൽകി. ദീർഘദൂര സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ ആരംഭിച്ചു. നോട്ടിഫൈഡ് റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. അതാതു പ്രദേശത്തെ എം.എൽ.എ.മാരെ പങ്കെടുപ്പിച്ചുകൊണ്ട്പ്രതിമാസ യോഗങ്ങൾ നടത്താൻ നടപടികൾ സ്വീകരിച്ചു. സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിന് എല്ലാ വിഭാഗം ജീവനക്കാർക്കും ട്രെയിനിംഗ് ആരംഭിച്ചു. പുതിയതായി വന്ന എല്ലാ ഡ്രൈവർമാർക്കും ട്രെയിനിംഗ് നല്കി. എല്ലാ കണ്ടക്ടർമാർക്കും ഒരു ദിവസത്തെ ട്രെയിനിംഗ് നൽകി. എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നൽകിക്കഴിഞ്ഞു. ദീർഘദൂര സർവ്വീസിനും, അന്തർസംസ്ഥാന ബസ് സർവ്വീസിനുമായി 20 എ.സി. എയർ ബസ്, 30 സൂപ്പർ ഡീലക്സ്, 3 വോൾവോ എന്നിവ നിരത്തിലിറക്കി. സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് കോർപ്പറേഷന്റെ 5 വർക്ക്ഷോപ്പുകളും പൂർണ്ണമായി |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുകൊണ്ട് ബസ് ബോഡി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ 1967 ബസ്സുകൾ പുതുതായി നിരത്തിലിറക്കി. ഇതുവഴി ഓരോ ദിവസവും 575 കി.മീറ്ററോളം സർവ്വീസുകൾ അധികമായി ആരംഭിക്കുന്നുണ്ട്. സ്ഥിരം യാത്രക്കാർക്ക് 25% കുറഞ്ഞ നിരക്കിൽ സീസൺ ടിക്കറ്റ് പരീക്ഷണാടിസ്ഥാനത്തിൽ നൽകുന്നതാണ്. 1.2.2010 മുതൽ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പുതിയ ഇൻസന്റീവ് സ്കീം കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നൽകിത്തുടങ്ങി.<br><br>കെ.എം.പി.എൽ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസ് കാര്യക്ഷമമാക്കി. ഡ്രൈവർമാർക്ക് ഇതിനായി പ്രത്യേകം പരിശീലനം നൽകിവരുന്നുണ്ട്. 2005-ൽ കെ.എം.പി.എൽ 3.84 ആയിരുന്നത് ഇപ്പോൾ 4.23 ആയി വർദ്ധിച്ചിട്ടുണ്ട്.<br><br>അധിക വേഗതമൂലമുള്ള അപകടം ഒഴിവാക്കുന്നതിനായി ബസ്സുകളിൽ സ്പീഡ് ഗവേണർ ഘടിപ്പിക്കുകയും എല്ലാ ഡ്രൈവർമാർക്കും പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഇതുമൂലം അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിനും അപകടം മൂലമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2005-ൽ 1 ലക്ഷം കി.മീറ്റർ ഓടുമ്പോൾ 0.36 അപകടങ്ങൾ ഉണ്ടായിരുന്നത്, അപകടങ്ങൾ ശരിയായി അപഗ്രഥിച്ച് നടപടിയെടുത്ത് അപകടനിരക്ക് 2008-ൽ 1 ലക്ഷം കി.മീറ്ററിന് 0.19 ആയും, 2009-ൽ 0.18 എന്നീ നിലയിലും എത്തിക്കാൻ കഴിഞ്ഞു. തമിഴ്നാട്ടിൽ ഇത് 0.26 ആണ്. കേരളത്തിൽ അപകട നിരക്ക് അഖിലേന്ത്യാ നിലവാരത്തിന്റെ 3 ഇരട്ടിയോളം ഉള്ള സമയത്താണ് കെ.എസ്.ആർ.ടി.സി.യുടെ അപകട |

| | | | |
|---|---|---|---|
| | | | നിരക്ക് അഖിലേന്ത്യാ ശരാശരിയിലും താഴെ എത്തിക്കാൻ കഴിഞ്ഞത്. അപകടം പറ്റിയ യാത്രക്കാർക്ക് ആനുകൂല്യം താമസം വിനാ ലഭ്യമാക്കാൻ 2354 ബസ്സുകൾ ഇൻഷ്വർ ചെയ്തു. പുതിയ എല്ലാ ബസ്സുകളും ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ ഉയർന്ന ക്ലാസ് ബസുകളും ഇൻഷ്വർ ചെയ്തിട്ടുണ്ട്.<br><br>ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരിൽ നിന്നും മോട്ടോർ വെഹിക്കിൾ ആക്ട് അനുസരിച്ച് 500 രൂപ വരെ ഫൈൻ ഈടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുവഴി ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞു. ഇതുവരെ 1304500/ - രൂപ സർക്കാരിൽ അടച്ചു.<br><br>മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ജീവനക്കാരെ വിശ്വാസത്തിൽ എടുക്കുന്നതിന് 28.2.2002 കാലാവധി അവസാനിച്ച ശമ്പള പരിഷ്ക്കരണ കരാർ അംഗീകൃത ട്രേഡ് യൂണിയനുമായി ചർച്ച ചെയ്ത് 28.11.2008-ൽ അംഗീകരിച്ചു 1.3.2009-മുതൽ നടപ്പിലാക്കി.<br><br>ജീവനക്കാരുടെ ജോലിയും ഉത്തരവാദിത്വങ്ങളും അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് അംഗീകരിച്ച് പുതുക്കിയ മാന്വൽ ഇറക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ പ്രോഡക്ടിവിറ്റി 15 % മുതൽ 20% വരെ വർദ്ധിപ്പിച്ച് കാര്യക്ഷമത കൂട്ടാൻ നടപടികളെടുത്തു.<br><br>പ്രതിദിനം 34 മുതൽ 36 ലക്ഷത്തോളം യാത്രക്കാർക്ക് സുരക്ഷിതമായി ഗതാഗത സൗകര്യം നൽകി കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാൻ ദീർഘവീക്ഷണത്തോടുള്ള |

| | | | |
|---|---|---|---|
| | | | നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2005-ൽ കേവലം 13 ശതമാനം സംഭാവന മാത്രം കെ.എസ്.ആർ.ടി.സി.ക്ക് റോഡ് ഗതാഗത രംഗത്ത് ഉണ്ടായിരുന്നത് ഇപ്പോൾ 27 ശതമാനത്തോളം ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>യാത്രക്കാരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ എല്ലാ ബസ് സ്റ്റേഷനുകളിലും ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ബസ് സ്റ്റേഷൻ യാർഡും സമയ ബന്ധിതമായി ടാർ ചെയ്യാനോ, കോൺക്രീറ്റ് ചെയ്യാനോ നടപടി ആയിട്ടുണ്ട്. എല്ലാ പ്രധാന സ്റ്റേഷനുകളിലും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബസ് സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിൽ അങ്കമാലിയിൽ പൈലറ്റ് പ്രോജക്ടായി പണി ആരംഭിച്ചത് അന്തിമ ഘട്ടത്തിലാണ്. കോഴിക്കോട് പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. തിരുവനന്തപുരത്ത് പണി ആരംഭിച്ചു. റെന്റ് ഡെപ്പോസിറ്റ് സ്കീമിൽ കാസർകോഡ്, കൊട്ടാരക്കര എന്നിവിടങ്ങളിൽ പണി പൂർത്തീകരിക്കാറായി. ഈ സ്കീമിൽ കാട്ടാക്കടയിൽ പണി പുരോഗമിക്കുന്നു. പ്രാദേശിക വികസന ഫണ്ടിൽനിന്ന് 62 ലക്ഷം രൂപ ഉപയോഗിച്ച് കിളിമാനൂരിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.<br><br>കെ.എസ്.ആർ.ടി.സി. സർക്കാരിന് വിവിധ ഇനങ്ങളിലായിട്ട് നൽകുവാനുണ്ടായിരുന്ന 31.3.2008 വരെയുള്ള കുടിശ്ശികയിൽ, സർക്കാർ ലോൺ ഇനത്തിൽ ഉണ്ടായിരുന്ന 250,38,34,358/- രൂപ ഇക്വിറ്റി കാപ്പിറ്റലായി കൺവർട്ട് |

| | | | |
|---|---|---|---|
| | | | ചെയ്തു. ടി ലോണിന്റെ 31.3.2008 വരെയുള്ള പലിശയും പിഴപ്പലിശയിനത്തിലെ 197,39,48,023/- രൂപയും, സർക്കാരിന് മോട്ടോർ വെഹിക്കിൾ ടാക്സ് ഇനത്തിൽ നൽകുവാനുണ്ടായിരുന്ന 622.83 കോടി രൂപയും എഴുതിത്തള്ളി. ഇതു മൊത്തം 1070,60,82,381/- രൂപ വരും.<br><br>കെ.എസ്.ആർ.ടി. യുടെ പക്കലുള്ള ഭൂമികൾക്ക് പട്ടയം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഡപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഒരു ആഫീസറെ കെ.എസ്.ആർ.ടിയിൽ എസ്റ്റേറ്റ് ആഫീസറായി നിയമിച്ചിട്ടുണ്ട്. ഭൂമികൾക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിലാണ്.<br><br>കെ.എസ്.ആർ.ടി. ഇൻഡ്യൻ ഓയിൽ കമ്പനികൾക്ക് ഡീസൽ വാങ്ങിയ ഇനത്തിൽ നൽകുവാനുണ്ടായിരുന്ന 2006 മേയിലെ കുടിശ്ശികയായ 133.29 കോടി രൂപ പ്രധാനമായും സംസ്ഥാന സർക്കാരിന്റെ പ്രത്യേക സഹായത്തോടും കോർപ്പറേഷന്റെ ഫണ്ടും നൽകി ഇപ്പോൾ 36 കോടിയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കോർപ്പറേഷൻ ഫണ്ടിൽ നിന്നും തുക നൽകി 2006 മേയിൽ ഉണ്ടായിരുന്ന 5.78 കോടി രൂപ ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനിയുടെ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ബസ്സുകൾ വാങ്ങി; എത്ര റൂട്ടുകളിൽ പുതുതായി സർവ്വീസുകൾ ആരംഭിച്ചു; വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വോൾവോ 3 , എ.സി.ബസ് 20, കോർപ്പറേഷൻ ബോഡി ചെയ്തു 1944 ബസ്സുകളും (ആകെ 1967) നിരത്തിലിറക്കി.<br><br>2010-ൽ 420 ബസ് ചേസിസുകൾ, 2 ഡബിൾ ഡക്കർ ബസ്സുകൾ, 1 വെസ്റ്റിബ്യൂൾ ബസ്സ് എന്നിവയ്ക്കും ഓർഡർ നല്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി. 945 പുതിയ സർവ്വീസുകൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. |
| (സി) | മലബാർ മേഖലയിൽ പുതുതായി എത്ര സർവ്വീസുകൾ ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ; | | 351 സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പുതുതായി ബസ്സുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | പുതുതായി 1000 ബസ്സുകൾ വാങ്ങുന്നതിന്റെ ഭാഗമായി 2009-ൽ ടെണ്ടർ നടപടികൾ ആരംഭിക്കുകയും 2010-ൽ 400 ബി.എസ്.2 നിലവാരത്തിലുള്ള ബസ് ചേസിസുകൾ, 2 ഡബിൾ ഡെക്കർ ബസ്സുകൾ, 1 വെസ്റ്റിബ്യൂൾ ബസ് എന്നിവയ്ക്കും ഓർഡർ നൽകിയിട്ടുണ്ട്.<br><br>20 ബി.എസ്. III നിലവാരത്തിലുള്ള ബസുകൾ പരീക്ഷണാടിസ്ഥാനത്തിൽ വാങ്ങുന്നതിനും ഇതോടൊപ്പം ഓർഡർ നല്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തന ക്ഷമതയുടെ അടിസ്ഥാനത്തിൽ ബാക്കി 577 വാഹനങ്ങൾ വാങ്ങുന്നതാണ്. |
| (ഇ) | കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കുമോ; | (ഇ ) | 2006-07 വരെയുള്ള വാർഷിക കണക്കു മാത്രമേ പൂർത്തിയായിട്ടുള്ളൂ. 2008-09-ലെ താല്ക്കാലിക കണക്കനുസരിച്ചുള്ള സാമ്പത്തിക നില ചുവടെ ചേർക്കുന്നു.<br><br>ബാദ്ധ്യത (കോടി രൂപ)<br><br>1. മൂലധനം 431.03<br><br>2. ലോൺ<br>എ) ഗവൺമെന്റ് 85.50<br>ബി) കെ.ടി.ഡി.എഫ്.സി 352.41<br>സി) ഹഡ്കോ 80.73<br>ഡി) എൽ.ഐ.സി. 75.00<br>ഇ) ഡിബഞ്ചർ 8.35<br>എഫ്) കെ.എസ്.ടി 133 1.81<br>ജി) സർക്കാരിനുള്ള ബാദ്ധ്യത 51.46<br>എച്ച്) പി.എഫ് ,പെൻഷൻ ആനുകൂല്യം 360.04<br>ഐ) ഇന്ധനം 87.93<br>ജെ.) എം.എ.സി.റ്റി 30.50 |

| | | | |
|---|---|---|---|
| | | | കെ) 1997-ലെ ശമ്പള പരിഷ്ക്കരണ കുടിശ്ശിക 139.40<br>എൽ) മറ്റ് ബാദ്ധ്യതകൾ 32.71<br>**ആകെ** 1736.87<br><br>**ആസ്തി** (കോടി രൂപ)<br><br>1.ഫിക്സ്ഡ് അസറ്റ് (തേയ്മാനച്ചിലവ് കഴിച്ച്) 223.31<br>2. സ്റ്റോഴ്സ് 15.82<br>3. കാഷ് & ബാങ്ക് ബാലൻസ് 26.05<br>4. മറ്റ് ആസ്തികൾ 17.25<br>5. സഞ്ചിത നഷ്ടം 1454.44<br><br>**ആകെ** 1736.87 |
| (എഫ്) | ഈ സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ എത്ര കോടി രൂപയുടെ കടം എഴുതിത്തള്ളി എന്ന് വെളിപ്പെടുത്താമോ? | (എഫ്) | കെ.എസ്.ആർ.ടി. 31.3.2008 വരെ തീയതിയിൽ സർക്കാരിന് നൽകുവാനുണ്ടായിരുന്ന ലോൺ ഇനത്തിലെ 250,38,34,358/- രൂപ ഇക്വിറ്റി ഷെയർ കാപ്പിറ്റലായി മാറ്റുകയും ലോൺ ഇനത്തിൽ നൽകുവാനുണ്ടായിരുന്ന പലിശ, പിഴപ്പലിശ ഇനത്തിൽ 197,39,48,023/- രൂപയും മോട്ടോർവാഹന നികുതി ഇനത്തിൽ 622.83 കോടി രൂപയും എഴുതിത്തള്ളിയിട്ടുണ്ട്. ആകെ ഇത് 1070,60,82,381/- രൂപ വരും. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 144

08.3.2010 ൽ
മറുപടി ക്ക്

## കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ. ആർ. സെൽവരാജ് എം.എൽ.എ.
" ബി. രാഘവൻ. "
" എ.എം. യൂസഫ് "

ഉത്തരം
ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി.)

| | |
|---|---|
| (എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>(1) കോർപ്പറേഷൻ ഫാക്ടറികളിൽ നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക്ബോർമ്മ, ഹോട്ട് എയർ ബോർമ്മ എന്നിവ സ്ഥാപിക്കുന്നതോടൊപ്പം ഇതിലേയ്ക്ക് ആവശ്യമായ പുതിയ ഷെഡുകളും നിർമ്മിച്ചു വരുന്നു.<br>(2) പരമ്പരാഗത വ്യവസായമായ കശുവണ്ടിയുടെ പ്രോസസിംഗ് രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമായതിനാൽ കോർപ്പറേഷന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഫാക്ടറികളിൽ പുതിയ ഷെഡുകൾ നിർമ്മിക്കുകയും രണ്ട് ഫാക്ടറികൾ ഐ.എസ്.ഒ. നിലവാരത്തിൽ ആക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്തി വരുന്നു.<br>(3) കയറ്റി അയയ്ക്കുന്ന പരിപ്പ് ടിന്നിൽ ഫിൽ ചെയ്ത് അയയ്ക്കുന്നതിന് പകരം പരിപ്പ് സുതാര്യമായി കാണത്തക്ക തരത്തിലുള്ള ഫ്ളെക്സി പാക്കിംഗ് സംവിധാനം കോർപ്പറേഷനിൽ നടപ്പിലാക്കിയിട്ടുള്ളതാണ്.<br>(4) കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിൽ ആഗോള നിലവാരത്തിൽ കശുവണ്ടി പരിപ്പ് പാക്ക് ചെയ്യുന്നതിന് |

വേണ്ടി ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു പാക്കിംഗ് മിഷ്യൻ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(5) മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യു സൂപ്പ്, കാഷ്യു പൗഡർ, കാഷ്യുവിറ്റ, കാഷ്യുബിറ്റ്സ്, എന്നിവ CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും ഉല്പാദിപ്പിച്ച് വിപണിയിൽ ഇറക്കിയിട്ടുണ്ട്.

(6) പരമ്പരാഗത വ്യവസായമായ കശുവണ്ടി പ്രോസസിംഗിന്റെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ഒരു റിസർച്ച് സെന്റർ കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളതും അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

(7) കശുമാങ്ങയിൽ നിന്നും ബയോഡീസൽ ഉല്പാദിക്കുന്നതിനുള്ള ഗവേഷണവും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും കോർപ്പറേഷൻ പ്രോസസിംഗ് ജീവനക്കാർക്ക് പ്രത്യേക തരം പരിശീലന പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(8) കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിലേയ്ക്ക് കോർപ്പറേഷൻ സംസ്ഥാനത്ത് ഫ്രാഞ്ചൈസികളും ഔട്ട്ലറ്റുകളും പുതുതായി സ്ഥാപിച്ചിട്ടുള്ളതും, കൂടാതെ ആഭ്യന്ത മാർക്കറ്റിൽ കശുവണ്ടി പരിപ്പിന്റെയും, മറ്റ് മൂല്യ വർദ്ധിത ഉല്പന്നങ്ങളുടേയും വിൽപ്പന വിപുലീകരിക്കുന്നതിനായി കശുവണ്ടി പരിപ്പിന്റെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ പൊതു വിപണിയിൽ പരിചയപ്പെടുത്തി ഇൻഡ്യ ഒട്ടാകെ വിൽപ്പന വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(9) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കോർപ്പറേഷനിൽ ഈ കാലയളവിൽ 7500-ഓളം പേർക്ക് പുതുതായി തൊഴിൽ നൽകിയിട്ടുണ്ട്.

(10) മേൽപ്പറഞ്ഞ പ്രകാരമുള്ള നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി ഈ സർക്കാർ അധികാരമേറ്റശേഷം 2007-08, 2008-09 എന്നീ വർഷങ്ങളിലായി കോർപ്പറേഷന് 18.47 കോടി രൂപയും 2009-10 സാമ്പത്തിക വർഷം ഫാക്ടറിയുടെ നവീകരണം, കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, നവീന പാക്കിംഗ് സിസ്റ്റം എന്നിവയ്ക്കായി 24 കോടി രൂപയും ഉൾപ്പെടെ ആകെ 42.47 കോടി രൂപാ അനുവദിച്ചിട്ടുള്ളതും ഇതിൽ 40.32 കോടി രൂപാ കോർപ്പറേഷന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**കാപ്പക്സ്**

കാപ്പക്സിന്റെ കീഴിലുള്ള പത്ത് ഫാക്ടറികളിൽ അഞ്ചെണ്ണം പൂർണ്ണമായും പുനർനിർമ്മിച്ചിട്ടുണ്ട്. പത്ത് ഫാക്ടറികളിലും പുരാതനമായ ബോർമ്മകൾ മാറ്റി ആധുനിക ഇലക്ട്രിക് ബോർമ്മകൾ സ്ഥാപിച്ചു. ചിമ്മിനികളും വറുപ്പു മെഷീനുകളും പുതുക്കി നിർമ്മിച്ചു. തൊഴിലാളികൾ പണിയെടുക്കുന്ന പഴയ ഷെഡ്ഡുകളെല്ലാം മാറ്റി പുതിയ ഷെഡ്ഡുകൾക്ക് ആവശ്യത്തിനുള്ള ഉയരം നൽകി, അഴികൾ നല്ല ഉയരത്തിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതു മൂലം ഷെഡ്ഡുകളിൽ ആവശ്യത്തിനുള്ള വെളിച്ചവും വായു സഞ്ചാരവും ഉണ്ടായിട്ടുണ്ട്. ഗ്രേഡിംഗ് ഷെഡ്കളുടെ തറ ടൈൽസ് പാകിയിരിക്കുകയാണ്. നാടൻ തോട്ടണ്ടി സംഭരിച്ച് ഉണക്കാൻ വലിയ യാർഡുകൾ നിർമ്മിച്ചു. ആധുനിക സൗകര്യങ്ങളോടുകൂടിയ ബാത്ത്റൂം ടോയിലറ്റ് സൗകര്യങ്ങൾ നിർമ്മിച്ചു. സുലഭമായി ശുദ്ധജലം ലഭ്യമാക്കത്തക്ക വിധമുള്ള സൗകര്യങ്ങൾ, യൂണിഫോം, കുട്ടികൾക്ക്

ഡേകെയർ, പാൽ ബിസ്ക്കറ്റ്, മുതലായവയും സ്ത്രീകൾക്ക് വിശ്രമമുറികൾ, ഫാൻ, ലൈറ്റുകൾ മുതലായ സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് ഫാക്ടറികളിൽ മേൽ പറഞ്ഞ രീതിയിലുള്ള ഷെഡിന്റെ നിർമ്മാണങ്ങൾ 2010-ൽ മാർച്ച് മാസം പൂർത്തിയാകും വിധം പുരോഗമിക്കുന്നു. ബാക്കിയുള്ള 2 ഷെഡുകൾ 2010 ഡിസംബർ-ന് മുമ്പായി പൂർണ്ണമായും പുനർ നിർമ്മിയ്ക്കും.

(ബി) കശുവണ്ടി ഉല്പന്നങ്ങളുടെ ഗുണമേന്മ മെച്ച പ്പെടുത്തു ന്നതിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കശുവണ്ടി ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പി ക്കുന്നതിന് ലക്ഷ്യമിട്ട് പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന് കോർപ്പറേഷനിലെ പ്രോസസിംഗ് തൊഴി ലാളികൾക്ക് വിവിധതരം പരിശീലന പരിപാടികൾ ഏർപ്പെടു ത്തിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള പരിശീലന പരിപാടികളുടേയും ആധുനിക വൽക്കരണ നടപടികളുടേയും ഫലമായി കശുവണ്ടി ഉൽപ്പന്നങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുള്ള

താണ്. CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ വിറ്റ, കാഷ്യൂ ബിറ്റ്സ് എന്നിവ ഉൽപ്പാദിപ്പിച്ച് കശുവണ്ടി ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തരമായും, വിദേശത്തും കൂടുതൽ വിപണി കണ്ടെത്തി വിപണനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. ഈ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വിപുലപ്പെടു ത്തുന്നതിന്റെ ഭാഗമായി ദുബായിൽ എം.കെ. ഗ്രൂപ്പുമായി ചേർന്ന് കശുവണ്ടി പരിപ്പും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിനും ശ്രമങ്ങൾ നടന്നു വരുന്നു. കൂടാതെ കശുവണ്ടി പരിപ്പിന്റെ വിപണന സാദ്ധ്യതകൾ സംബന്ധിച്ച്

റഷ്യ, ചൈന എന്നീ രാജ്യങ്ങളിൽ IIFT ഒരു മാർക്കറ്റ് റിസർച്ച് സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, ഈ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രാജ്യങ്ങളിലേയ്ക്ക് അവരുടെ അഭിരുചിക്കനുസരിച്ച് കശു വണ്ടി പരിപ്പും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും കയറ്റുമതി ചെയ്യുന്ന തിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**കാപെക്സ്:-**

കാപെക്സ് ഫാക്ടറികളിൽ കശുവണ്ടി പരിപ്പിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി തൊഴിലാളികളിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ ഗ്രേഡിംഗ് ഷെഡ്കളിൽ ടൈൽസ് പാകുക വഴി മറ്റ് രീതിയിലുള്ള പൊടികളും മാലിന്യങ്ങളും ഒന്നും തന്നെ പരിപ്പിൽ വീഴുന്നില്ല. എക്സ്പോർട്ട് ചെയ്യുന്ന പരിപ്പു വളരെ നവീനമായ സാങ്കേതിക വിദ്യയുള്ള ഒരു മെഷീനിൽ ആണ് പാസ്സ് ചെയ്യുന്നത്. തലമുടിനാരോ, ഇരുമ്പു സാധനങ്ങളോ, മറ്റ് മാലിന്യങ്ങളോ എന്തു തന്നെയായാലും അവയെല്ലാം നിശേഷം നീക്കം ചെയ്യുവാൻ ശേഷിയുള്ളതാണ് ഈ മെഷ്യൻ. എക്സ്പോർട്ട് ചെയ്യുന്ന പരിപ്പിന്റെ ഗുണനിലവാരം കാപെക്സ് അങ്ങേയറ്റം ശ്രദ്ധിക്കാറുണ്ട്. 2008-ൽ കാപെക്സ് 16 കണ്ടെയിനർ പരിപ്പ് എക്സ്പോർട്ട് ചെയ്തു.

(സി) കശുവണ്ടി തൊഴിലാളികൾക്ക് ഈ വർഷം ഇതുവരെ എത്ര തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ഈ സാമ്പത്തിക വർഷം നാളിതുവരെ ആകെ 258 ദിവസം ജോലി നൽകാൻ കഴിഞ്ഞിട്ടുള്ളതാണ്. സാമ്പത്തിക വർഷത്തിന്റെ തുടർന്നുള്ള ദിവസങ്ങളിൽ പൂർണ്ണമായി ജോലി നൽകുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

കാപെക്സിൽ 2008-ൽ തൊഴിലാളികൾക്ക് 210 തൊഴിൽ ദിനങ്ങളും 2009-ൽ 214 തൊഴിൽ ദിനങ്ങളും നൽകിയിട്ടുണ്ട്. ഇവ രണ്ടും കാപെക്സിന്റെ സർവ്വകാല റിക്കോർഡാണ്.

| | | | |
|---|---|---|---|
| (ഡി) | കശുവണ്ടി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് പരമാവധി ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇപ്രകാരം ഈ സാമ്പത്തിക വർഷം നാളിതുവരെ ഇവർക്ക് 258 പ്രവർത്തി ദിവസങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന്ശേഷം 1.1.2007 മുതൽ കശുവണ്ടി തൊഴിലാളികളുടെ മിനിമം വേജ് പുതുക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ കശുവണ്ടി രംഗത്തെ മാസ ശമ്പള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 1.1.2007 മുതൽ പുതുക്കി നിശ്ചയിച്ചു കൊണ്ട് IRC കരാർ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം ബോണസിൽ 2009 വർഷം 250 രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുള്ളതുമാണ്. കശുവണ്ടി തൊഴിലാളികൾക്ക് അർഹമായ ലീവ് വിത്ത് വേജസ് , ഹോളിഡേ വേജസ് തുടങ്ങി എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിന് കശുവണ്ടി വികസന കോർപ്പറേഷൻ നടപടികളും സ്വീകരി ച്ചിട്ടുണ്ട്.<br><br>കാപെക്സിന്റെ കീഴിലുള്ള പത്തു കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കും ESI,EPF,RWF എന്നിവ നൽകി വരുന്നു. തുടർച്ചയായി തൊഴിൽ ദിനങ്ങൾ നൽകുന്നത് വഴി ഇവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. തൊഴിൽ ചൂഷണങ്ങൾ ഒന്നുംതന്നെ കാപെക്സ് ഫാക്ടറികളിലില്ല. Holday wages ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ഇവർക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 145</u>  <u>08-03-2010-ൽ മറുപടിക്ക്</u>

## ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. മുരളി<br>ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ.എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ | സംസ്ഥാനത്ത് ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ; | സംസ്ഥാനത്ത് 14230 ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കുന്നു. |
| ബി | ഇവർക്ക് നൽകുന്നതിനായി എത്ര ഏക്കർ ഭൂമി ഇതിനോടകം കണ്ടെത്തിയെന്നും ഈ ഭൂമി വിതരണം ചെയ്യാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ; | ഇവർക്ക് നൽകുന്നതിനായി റവന്യൂ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, സുഗന്ധഗിരി പോലുള്ള പ്രോജക്ടുകൾ, നിക്ഷിപ്ത വനം തുടങ്ങി 36012 ഏക്കർ ഭൂമി ആദിവാസി പുനരധിവാസത്തിനായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നിയോഗിച്ചിരുന്ന ശ്രീ.റ്റി.മാധവമേനോൻ കമ്മിറ്റി കണ്ടെത്തിയിരുന്നു. ഇതിൽ 6175 കുടുംബങ്ങൾക്ക് 8345.341 ഏക്കർ ഭൂമി നാളിതുവരെയായി വിതരണം ചെയ്തു. കണ്ടെത്തിയിരുന്ന ഭൂമിയിൽ പലതും വിവിധ കാരണങ്ങളാൽ വിതരണത്തിന് ലഭ്യമായില്ല. കോടതികളിൽ നിലവിലുള്ള വിവിധ തരം കേസുകൾ, വിവിധ തരം കൈയ്യേറ്റങ്ങളും, സമരങ്ങളും, വിതരണയോഗ്യമല്ലാത്തത്, കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തത് തുടങ്ങിയവമൂലം കണ്ടെത്തിയ ഭൂമിയെല്ലാം വിതരണം ചെയ്യാൻ സാധിച്ചില്ല. വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പ് കൽപ്പിച്ചും കൈയ്യേറ്റ ഭൂമി ഒഴിപ്പിച്ചും ഭൂമി വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കേന്ദ്ര വനാവകാശ നിയമ പ്രകാരം ലഭിച്ച 34055 അപേക്ഷകർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. 9405 പേർക്ക് ഈ നിയമമനുസരിച്ച് ഭൂമി നൽകിയിട്ടുണ്ട്. |
| സി | ആദിവാസികൾക്ക് നൽകിയ ഭൂമിയിൽ ഇവരെ പുനരധിവസിപ്പിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | ആദിവാസികൾക്ക് നൽകിയ ഭൂമിയിൽ ഇവരെ പുനരധിവസിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഇവരുടെ സുസ്ഥിര വരുമാനത്തിനുമായുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 146 | 08/03/2010-ൽ മറുപടിക്ക്

### പട്ടിക സമുദായക്കാരുടെ മുഴുവൻ കടവും എഴുതി തള്ളാൻ നടപടി

**ചോദ്യം**

ശ്രീ. തോമസ് ചാണ്ടി:
ശ്രീ. കെ.ബി. ഗണേഷ് കുമാർ:
ശ്രീ. കെ.കെ. ഷാജു:

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പട്ടിക സമുദായത്തിൽപ്പെട്ടവരുടെ 25,000 രൂപ വരെ മാത്രമുള്ള കടങ്ങൾ എഴുതി തള്ളുന്നതുമൂലം ബഹുഭൂരിപക്ഷത്തിനും ഇതിന്റെ ആനുകൂല്യം കിട്ടാതെ വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പട്ടിക സമുദായത്തിൽപ്പെട്ടവരുടെ കുടിശ്ശികയായ മുഴുവൻ കടങ്ങളും എഴുതി തള്ളുന്നതിന് എന്തൊക്കെ അടിയന്തിര നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) : 12/11/2009-ലെ സ.ഉ. (അച്ചടി) 100/2009/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ / പരിവർത്തിത ക്രൈസ്തവ ജന വിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25,000/- രൂപ വരെയുള്ളത് പലിശയും പിഴപ്പലിശയുമുൾപ്പെടെ എഴുതി തള്ളുന്നതിനും അതിനു മുകളിലുള്ള തുകയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുമ്പോൾ കുടിശ്ശികയുടെ പരമാവധി 25,000/- രൂപ വരെ സർക്കാർ നൽകുന്നതാണ്. ഇപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ ഇതിന്റെ ആനുകൂല്യം ബഹുഭൂരിപക്ഷം പട്ടികജാതി / പട്ടികവർഗ്ഗ / പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്കും ലഭിക്കുമെന്ന് സർക്കാർ കരുതുന്നു. താത്ക്കാലിക കണക്കനുസരിച്ച് 2.11 ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ: 147 — 08-03-2010 ൽ മറുപടിക്ക്

## റോഡു സുരക്ഷാ അതോറിറ്റി

ചോദ്യം:
ശ്രീ. തോമസ് ഉണ്ണിയാടൻ
പ്രൊഫ.എൻ. ജയരാജ്

ഉത്തരം :
ശ്രീ. ജോസ് തെറ്റയിൽ
( ഗതാഗത വകുപ്പു മന്ത്രി)

(എ). റോഡ് സുരക്ഷാ അതോറിറ്റി നിലവിൽ വന്നതിനുശേഷം റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് എന്തൊക്കെ ക്രമീകരണങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(എ). അപകടം സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ റോഡു സുരക്ഷാ കമ്മീഷണർ സൂക്ഷ്മമായി വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാധ്യത മേഖലകളും 217 അതീവ അപകട സാദ്ധ്യതാ മേഖലകളും (ബ്ലാക്ക് സ്പോട്ടുകൾ) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അപകടങ്ങളുടെ മുഖ്യകാരണം അമിത വേഗതയായതിനാൽ ജില്ലാ റോഡു സുരക്ഷാ കൗൺസിലുകളോട് അമിത വേഗത നിയന്ത്രിക്കുന്നതിന് ബ്ലാക്ക് സ്പോട്ടുകൾ കേന്ദ്രീകരിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൊല്ലം-കോവളം, അങ്കമാലി-തൊടുപുഴ, മുട്ടം-തൊടുപുഴ, വൈറ്റില-മണ്ണുത്തി, ശബരിമല റോഡുകളായ വടശ്ശേരിക്കര-പമ്പ, എരുമേലി-പമ്പ എന്നീ 5 പാതകൾ അപകട വിമുക്ത മാതൃകാ ഇടനാഴികളാക്കുവാനായി തെരഞ്ഞെടുത്തിട്ടുണ്ട്. റോഡു സുരക്ഷയുമായി ബന്ധപ്പെട്ട പോലീസ്, മോട്ടോർ വാഹന വകുപ്പ്, ആരോഗ്യം, പൊതുമരാമത്ത്, നാറ്റ്പാക്ക് എന്നിവയ്ക്ക് റോഡു സുരക്ഷാ ജോലികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. എല്ലാ ജില്ലാ റോഡു സുരക്ഷാ കൗൺസിലുകൾക്കും 3 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി

റോഡു സുരക്ഷയെ സംബന്ധിച്ച ഫിലിമുകൾ, വിവിധ ചാനലുകളിൽ സംപ്രേഷണം ചെയ്തുവരുന്നു. റോഡു സുരക്ഷ ക്ളബ്ബുകൾ വഴി ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. സംസ്ഥാനത്ത് റോഡു സുരക്ഷാ വാരം 2009 ഡിസംബർ 1 മുതൽ 7 വരെയും, ദേശീയ റോഡു സുരക്ഷാവാരം 2010 ജനുവരി 1 മുതൽ 7 വരെയും ആചരിക്കുകയുണ്ടായി.

(ബി). പ്രസ്തുത നടപടികളുടെ ഫലമായി റോഡപകടങ്ങൾ കുറഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി)ഉണ്ട്. 2008ൽ 37,263 അപകടങ്ങൾ നടന്ന സ്ഥാനത്ത് 2009ൽ 35,434 ആയി അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 148 08-03-2010-ൽ മറുപടിക്ക്

### ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീ.കെ. സി. കുഞ്ഞിരാമൻ<br>ശ്രീ. ബി രാഘവൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ.എസ്. രാജേന്ദ്രൻ | ശ്രീ.എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ | ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | ഭൂരഹിത/നാമമാത്ര ഭൂമിയുള്ള ആദിവാസി കുടുംബങ്ങൾക്ക് റവന്യൂ ഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി, മിച്ചഭൂമി തുടങ്ങിയവ വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസി കുടുംബങ്ങളുള്ള വയനാട് ജില്ലയിൽ ഭൂമി വിലയ്ക്ക് വാങ്ങി ഇവരെ പുനരധിവസിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>2006-ലെ വനാവകാശ നിയമപ്രകാരം വനഭൂമിയിൽ താമസിക്കുന്ന/താമസിച്ചിരുന്ന ആദിവാസി കുടുംബങ്ങൾക്ക് അർഹമായ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി | ഈ സർക്കാർ വന്ന ശേഷം ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | 14048 കുടുംബങ്ങൾക്ക് പട്ടയ ഭൂമി നൽകിയിട്ടുണ്ട്. |
| സി | ആദിവാസികൾക്ക് വിതരണം ചെയ്യാനായി ഇപ്പോൾ സർക്കാരിന്റെ കൈവശം എത്ര ഏക്കർ ഭൂമി ഉണ്ടെന്ന് അറിയിക്കുമോ ; | ആദിവാസി പുനരധിവാസ വികസന മിഷൻ വശം ഉദ്ദേശം 1354.461 ഏക്കർ ഭൂമിയുണ്ട്. ഇതു കൂടാതെ, കേന്ദ്ര വനാവകാശ നിയമ പ്രകാരം ഭൂമി നൽകാനുണ്ട്. റവന്യൂ ഭൂമിയും. മിച്ച ഭൂമിയും നൽകുന്നതിലും ആദിവാസികൾക്ക് മുൻഗണന നൽകും. |
| ഡി | ആദിവാസികളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന് ഭൂമി വിലയ്ക്കു വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ഉണ്ട്. |
| ഇ | എങ്കിൽ വിശദാംശം നൽകുമോ ; | വയനാട് ജില്ലയിലെ ഭൂരഹിത ആദിവാസികൾക്ക് ഭൂമി വാങ്ങി വിതരണം നടത്തുന്നതിന് ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് ഗൈഡ്‌ലൈൻസ് ബാധകമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങി വിതരണം നടത്തുന്നതിന് ആദിവാസി |

| | | |
|---|---|---|
| | | പുനരധിവാസ വികസന മിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വയനാട് ജില്ലയിൽ 25 ഏക്കറിൽ കുറയാത്ത ഭൂമിയുള്ള ഭൂ ഉടമകളിൽ നിന്നും ഓഫറുകൾ ക്ഷണിച്ചിട്ടുണ്ട്. ഇതിനായി 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| എഫ് | ഭൂമി ഇല്ലാത്ത എത്ര ആദിവാസികൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ ; | 14230 കുടുംബങ്ങൾ |
| ജി | ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിന് 1999-ലെ പട്ടികവർഗ്ഗ (ഭൂമികൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കലും) നിയമ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 149

08.03.2010 - ൽ മറുപടിയ്ക്ക്

# വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം.മുരളി | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് റിസർവ്വ് ബാങ്ക് സംസ്ഥാനത്തിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയെന്നും അതിൽ ഏതെല്ലാം നടപ്പിലാക്കിയെന്നും വിശദമാക്കുമോ; | (എ) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് റിസർവ്വ് ബാങ്ക് സംസ്ഥാനത്തിന് പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. കേന്ദ്രസർക്കാരുമായി മുറ പ്രകാരമുള്ള ധാരണാപത്രം ഒപ്പിടുന്നതിലൂടെ മാത്രമേ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലുള്ള ശുപാർശകൾ നടപ്പിലാക്കുന്നതിന് കഴിയുകയുള്ളൂ. ധാരണാപത്രത്തിൽ വിവക്ഷിച്ചിട്ടുള്ള നിയമപരവും സ്ഥാപനപരവുമായ പരിഷ്ക്കാരങ്ങൾ നടപ്പാക്കാമെന്ന് സമ്മതിച്ചാൽ മാത്രമേ പാക്കേജ് നടപ്പാക്കാൻ കഴിയുകയുള്ളൂ. കേരളം ഇതുവരെയും നബാർഡും, കേന്ദ്രസർക്കാരുമായും പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടില്ല. ഇത്തരത്തിൽ ധാരണാപത്രം ഒപ്പിട്ടാൽ മാത്രമേ റിസർവ്വ് ബാങ്കിന് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകാൻ കഴിയുകയുള്ളൂ. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിൻെറ താൽപര്യം കണക്കിലെടുത്ത് സംസ്ഥാനത്തിന് യോജിച്ച തരത്തിലും, സംസ്ഥാന താൽപര്യം സംരക്ഷിച്ചുകൊണ്ടും |

വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന് അനുവദിക്കുകയാണെങ്കിൽ സംസ്ഥാനത്ത് ആയത് നടപ്പാക്കാൻ വേണ്ടി നബാർഡും, കേന്ദ്രസർക്കാരുമായും ധാരണാപത്രം ഒപ്പിടുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) മറ്റു നിർദ്ദേശങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ?

(ബി) സംസ്ഥാനത്തെ സഹകരണമേഖലയുടെ താൽപര്യം പരിഗണിച്ച് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ മുഴുവൻ ശുപാർശകളും അംഗീകരിക്കുവാൻ കഴിയുന്നതല്ല. സാമ്പത്തിക പാക്കേജ് പൊതുവേ അംഗീകരിക്കാവുന്നതാണെങ്കിലും ആനുകൂല്യം ലഭിക്കുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ ഫലത്തിൽ സഹകരണ മേഖലയുടെ സ്വയംഭരണാധികാരവും, ജനാധിപത്യസ്വഭാവവും, സാമൂഹ്യപ്രതിബദ്ധതയും ഇല്ലാതാക്കാനും സഹകരണ പ്രസ്ഥാനങ്ങളുടെ പ്രയോജനം സമൂഹത്തിലെ സാധാരണക്കാർക്കും മറ്റ് ദുർബ്ബല ജനവിഭാഗങ്ങൾക്കും നിഷേധിക്കുന്നതിനുമിടയാക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രത്യേക താൽപര്യം കണക്കിലെടുത്ത് സംസ്ഥാനത്തിന് യോജിച്ച തരത്തിലും സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങളെ സംരക്ഷിച്ചുകൊണ്ടും വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന് അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ഇതു സംബന്ധിച്ച് സഹകരണ വകുപ്പ് മന്ത്രി കേന്ദ്ര ധനകാര്യവകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും തുടർന്ന് കേന്ദ്രസർക്കാരുമായി ഉദ്യോഗസ്ഥതല ചർച്ചയും നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ ധാരണാപത്രം ഒപ്പിടുന്നതിനെ

സംബന്ധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കാൻ നബാർഡിനെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നബാർഡിന് കത്തയക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്കും ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിക്കുന്ന മുറയ്ക്കും പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 150 | 08.03.2010 ൽ മറുപടിയ്ക്ക്

# ഹൈഡൽ ടൂറിസം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. കെ. പ്രേംനാഥ്<br>ശ്രീ. കെ. പി. മോഹനൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള ഹൈഡൽ ടൂറിസം പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഇപ്പോൾ ഒൻപത് ഹൈഡൽ ടൂറിസം പദ്ധതികളാണ് നിലവിലുള്ളത്. ഇവ വയനാട് സർക്യൂട്ടിലെ ബാണാസുര സാഗർ, ആതിരപ്പിള്ളി സർക്യൂട്ടിലെ പെരിങ്ങൽകുത്ത്, മൂന്നാർ സർക്യൂട്ടിലെ മൂന്നാർ, മാട്ടുപ്പെട്ടി, കുണ്ടള എക്കോ പോയിൻറ്, ഇടുക്കി, നാടുകാണി, തിരുവനന്തപുരത്തെ ലോവർ മീൻമുട്ടി എന്നിവയാണ്. ബാണാസുരസാഗറിൽ സ്പീഡ്, പെഡൽ ബോട്ടിംങ്ങിനോടൊപ്പം കാഫ്റ്റീരിയ, പൂന്തോട്ടം, പുൽത്തകിടി, എന്നിവയും പെരിങ്ങൽകുത്തിൽ സ്പീഡ്, സ്ലോ, പെഡൽ ബോട്ടിംങ്ങിനോടൊപ്പം കാഫ്റ്റീരിയ, പുൽത്തകിടി എന്നീ ആകർഷണങ്ങളുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.<br>മൂന്നാറിലെ പതിനാറ് ഏക്കറിൽ ഒരുക്കിയിട്ടുള്ള ഹൈഡൽ പാർക്കിൽ പൂന്തോട്ടം, പുൽത്തകിടികൾ, നേച്ചർ വാക്ക്, കുട്ടികളുടെ കളിസ്ഥലം, കാഫ്റ്റീരിയ, ബോട്ടിംഗ് സൗകര്യങ്ങൾ എന്നിവയും മാട്ടുപ്പെട്ടിയിൽ സ്പീഡ്, സ്ലോ ബോട്ടുകളും, കുണ്ടളയിൽ കാഷ്മീരി ഷിക്കാരയ്ക്ക് പുറമേ റോയിംങ്, പെഡൽ ബോട്ടുകളും എക്കോപോയിൻറിൽ പെഡൽ ബോട്ടുകൾ |

| | |
|---|---|
| | തുടങ്ങിയ ആകർഷണങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്.<br><br>മീൻമുട്ടിയിൽ ഡ്രിഫ്ടിംങ് കോഫി ഷോപ്പ്, റിവർ റാഫ്ടിംങ് എന്നീ ആകർഷണങ്ങളോടൊപ്പം പവർ ഹൗസ് സന്ദർശിക്കാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.<br><br>ഇടുക്കിയിലെ നാടുകാണി പവലിയൻ പുനരുദ്ധരിച്ച് സന്ദർശകർക്കായി തുറന്നു കൊടുത്തിട്ടുണ്ട്. കൂടാതെ ഇടുക്കി ആർച്ച് ഡാം ഉത്സവകാലങ്ങളിൽ സന്ദർശകർക്കായി തുറന്നു കൊടുക്കുന്നതും ജലാശയത്തിൽ ബോട്ടിംങ് ഏർപ്പെടുത്തുന്നതും ഹൈഡൽ ടൂറിസം മുഖേനയാണ്. |
| (ബി) ഹൈഡൽ ടൂറിസം പദ്ധതികൾ വിപുലീകരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ? | (ബി) ഹൈഡൽ ടൂറിസത്തിന്റെ രണ്ടാം ഘട്ട വികസനത്തിൽ താമസ സൗകര്യങ്ങളുൾപ്പെടുന്ന ടൂറിസം കോംപ്ലക്സുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>ഇതിന്റെ ഭാഗമായി ബാണാസുരസാഗർ തടാകത്തിൽ 28 ദ്വീപുകളിൽ വിനോദ സഞ്ചാര സാധ്യതക്കനുസൃതമായ പദ്ധതികൾ ലക്ഷ്യമിടുന്നു. ഇതിന് 135.80 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ബാണാസുരസാഗർ മെഗാ ടൂറിസം പദ്ധതിയും മൂന്നാറിനു വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ച് 40 കോടി രൂപയുടെ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇവയുടെ നടത്തിപ്പുൾപ്പെടെയുള്ള ഭാവി വികസനത്തിന് വേണ്ടി ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സമയ ബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ